# താമരമൊട്ടുകൾ

വാല്യം 25 | ഡിസംബർ 2023 | ലക്കം 12 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

താമരമൊട്ടുകൾ ഡിസംബർ 2023

വാല്യം 25 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



" ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ,
കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു"
(വി.ലൂക്കാ 2:11)

## വായനക്കാർക്കെല്ലാം
## ക്രിസ്തുമസ് ആശംസകൾ

# ജൂബിലി നിറവിൽ

50 YEARS




ഫാ. മാത്യു മാവേലി
18-12-1973

25 YEARS



ഫാ. സ്കറിയ മങ്ങരയിൽ
26.12.1998



ഫാ. അബ്രാഹം കൊച്ചീലാത്ത്
29.12.1998



ഫാ. ജേക്കബ് പ്ലാക്കൂട്ടത്തിൽ
29.12.1998



ഫാ. ജോസഫ് കളരിക്കൽ
30.12.1998

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 841 |
| 2. | പ്രോഗ്രാം ഡിസംബർ 2023 | 842 |
| 3. | സർക്കുലർ 19/2023 | 843 |
| 4. | സർക്കുലർ | 848 |
| 5. | കച്ചേരിക്കാര്യം | 852 |
| 6. | പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിൽ 2–ാം യോഗറിപ്പോർട്ട് | 856 |
| 7. | ആശംസ | 859 |
| 8. | ബൈബിൾ അപ്പോസ്തൊലേറ്റ് | 860 |
| 9. | വിശ്വാസപരിശീലനം | 860 |
| 10. | ലിറ്റർജി കമ്മീഷൻ | 864 |
| 11. | അൾത്താര സംഘടന | 867 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 868 |
| 13. | മരിയൻ പ്രോ–ലൈഫ് | 869 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 871 |
| 15. | ആൽഫാ മരിയ അക്കാദമി | 872 |
| 16. | അൽഫോൻസ കോളേജ് തിരുവമ്പാടി | 873 |
| 17. | കത്തോലിക്കാ കോൺഗ്രസ് | 876 |
| 18. | ഇൻഫാം | 879 |
| 19. | കമ്യൂണിക്കേഷൻ മീഡിയ | 880 |
| 20. | കെസിവൈഎം–എസ്എംവൈഎം | 882 |
| 21. | എയ്ഡർ എഡ്യുക്കെയർ | 885 |
| 22. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 886 |
| 23. | കരിസ്മാറ്റിക് മൂവ്മെന്റ് | 887 |
| 24. | ബഥാനിയ ധ്യാനകേന്ദ്രം | 889 |
| 25. | വികസനവേദി | 891 |
| 26. | യേശുനിധി | 895 |
| 27. | അജപാലനക്കുറിപ്പുകൾ | 896 |
| 28. | വിഷയവിവരം | 902 |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Mukaleparambil Joseph | December | 1 |
| | Kiliyananickal James | | 1 |
| | Kochukaipayil Thomas | | 1 |
| | Karakatt Sebastian | | 2 |
| | Vallopilly Abraham | | 3 |
| | Thekkekkaramattathil Mathew | | 4 |
| | Palakeel Kuriakose | | 8 |
| | Chennamkulath Benedict | | 10 |
| | Ponganpara Cheriyan | | 11 |
| | Pennaparambil Jose | | 12 |
| His Grace | Mar Jacob Thoomkuzhy | | 13 |
| | Kalapurackal George | | 15 |
| | Muthalakuzhiyil Joseph | | 18 |
| | Vellackakudiyil George | | 18 |
| | Varikkassery George | | 21 |
| | Thannickal Kurian | | 23 |
| | Palathumthalakal Augustine | | 25 |
| | Kottackal Mathew | | 26 |
| | Nagaparambil Thomas | | 27 |
| | Pulinchuvattil Abraham | | 28 |
| | Kizhukkarakattu Danties | | 29 |
| | Chirathalackal Joseph | | 31 |

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kalariparambil John | December | 27 |
| Oravankara John | | 27 |
| Moolayil John | | 27 |
| Pazhukunnel Johnson | | 27 |
| Pallickavayalil John | | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഡിസംബർ 2023

| | | |
|---|---|---|
| 01 | വെള്ളി | ഇരുപത്തഞ്ച് നോമ്പാരംഭം |
| 03 | ഞായർ | **വി. ഫ്രാൻസീസ് സേവ്യർ** |
| 08 | വെള്ളി | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ** |
| 14 | വ്യാഴം | കുരിശിന്റെ വി. യോഹന്നാൻ |
| 18 | തിങ്കൾ | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| 24 | ഞായർ | ചരമദിനം: ഫാ. ജോർജ്ജ് തടത്തിൽ (1998) |
| 25 | തിങ്കൾ | **ക്രിസ്തുമസ്** |
| 26 | ചൊവ്വ | വി. എസ്തപ്പാനോസ്, വി. യോഹന്നാൻ ശ്ലീഹാ, തിരുക്കുടുംബ തിരുനാൾ |
| 28 | വ്യാഴം | കുഞ്ഞിപ്പൈതങ്ങൾ |
| 29 | വെള്ളി | ചരമദിനം: ഫാ. ജോസഫ് കാളക്കുഴി (2018) |
| 31 | ഞായർ | വർഷാവസാനം |



സർക്കുലർ 19/2023

# മംഗളവാർത്തക്കാലം

**മിശിഹായിൽ സ്നേഹമുള്ള വൈദികരെ, സമർപ്പിതരെ, പ്രിയ മാതാപിതാക്കളെ, യുവജനങ്ങളെ, വാത്സല്യമുള്ള കുഞ്ഞു മക്കളെ,**

**ആരാധനക്രമ വത്സരത്തിന്റെ പുതിയ ഒരു വർഷത്തിലേക്ക് നാം മംഗളവാർത്താ കാലത്തിലൂടെ പ്രവേശിക്കുകയാണ്. ഉണ്ണിയേശുവിനെ ഹൃദയത്തിലും ഭവനത്തിലും സ്വീകരിക്കാൻ ഒരുങ്ങുന്ന ഏവർക്കും സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങളും ദൈവാനുഗ്രഹവും നേരുന്നു. വചനമാകുന്ന ദൈവത്തെ മറിയം ഹൃദയത്തിൽ സ്വീകരിച്ചതിന്റെ ഓർമ്മ പുതുക്കുന്ന മംഗളവാർത്താക്കാലവും, ദൈവം തന്നെയായ വചനം മനുഷ്യനായി ഭൂമിയിൽ പിറന്നുവീണതിന്റെ ആഘോഷമായ പിറവിക്കാലവും നൽകുന്ന സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സദ്വാർത്ത അസ്വസ്ഥവും യുദ്ധകലുഷിതവുമായ ലോകമെങ്ങും മുഴങ്ങുവാൻ ഈ ക്രിസ്തുമസ്സ് കാലത്ത് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.**

**ത്രിസന്ധ്യാജപങ്ങളിൽ നമ്മൾ അനുസ്മരിക്കുന്നതുപോലെ "കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോട് വചിച്ചതിന്റെ" ഓർമ്മയാണ് മംഗളവാർത്ത. പിതാവിന്റെ ഏറ്റവും വലിയ സ്നേഹോപഹാരമാണ് പുൽത്തൊട്ടിലിൽ പിറന്ന യേശു. "തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേ ഹിച്ചു" (യോഹ. 3:16). ദൈവത്തിന്റെ രൂപത്തിലായിരുന്നവൻ തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയി തീർന്നതാണ് ക്രിസ്തുമസ്സ്.**

**മനുഷ്യരാശിക്കായി ദൈവം നിശ്ചയിച്ചിരിക്കുന്ന എല്ലാ വാർത്തകളും മംഗളവാർത്തകളാണ്. ആരുടെയും ആഗ്രഹത്തിന്റെയോ കഴിവിന്റെയോ പരിധിയിലല്ല, മറിച്ച് ദൈവം നിശ്ചയി**

**ച്ചിരിക്കുന്ന സമയത്തിന്റെ പൂർണ്ണതയിലാണ് അവയുടെ പൂർത്തീകരണം സാധ്യമാകുന്നത്. ദൈവിക പദ്ധതിയെ ഹൃദയത്തിൽ സ്വീകരിച്ച് ക്ഷമയോടെ കാത്തിരിക്കുന്ന സഖറിയ–എലിസബത്ത് ദമ്പതികളുടെ ജീവിതത്തിൽ ദൈവം ഇടപെടുന്ന സംഭവത്തോടയാണ് മംഗളവാർത്താക്കാലം ആരംഭിക്കുന്നത്. സ്വന്തം ആഗ്രഹങ്ങളെക്കാൾ** ദൈവത്തിന്റെ ഇഷ്ടം പൂർത്തിയാക്കാൻ കാത്തിരുന്നതിനാൽ, മനുഷ്യപ്രീതിയെക്കാൾ ദൈവപ്രീതിയ്ക്ക് സ്ഥാനം നൽകിയതിനാൽ ദൈവം അവർക്ക് മംഗളവാർത്തയായി മാറി. മറ്റുള്ളവർക്ക് ചെവിയും മുഖവും കൊടുക്കുമ്പോഴല്ല ദൈവത്തിന് കാതും മനസ്സും കൊടുക്കുമ്പോഴാണ് ഏതൊരു വാർത്തയും മംഗളവാർത്തയാകുന്നത്, ഏതൊരു വിശേഷവും സുവിശേഷമാകുന്നത്. മറിയത്തിന്റെ ജീവിതം അനുഗ്രഹപൂർണ്ണമായത് ദൈവിക പദ്ധതിക്ക് വിട്ടുകൊടുത്തത് മുഖേനയാണ്. അതുപോലെ ദൈവിക പദ്ധതിക്കൾക്ക് നമ്മുടെ ജീവിതത്തെ വിട്ടുകൊടുക്കുവാനായി ഈ ആഗമനകാലം നമുക്ക് പ്രചോദനമാകട്ടെ.

ക്രിസ്തുമസ്സ് തിരുക്കുടുംബത്തെ കുറിച്ചുള്ള ധ്യാനാവസരമാണ്. ജോസഫ് എന്ന പിതാവും മറിയം എന്ന മാതാവും ഈശോ എന്ന പുത്രനും നൽകുന്ന മാതൃകയാണ് നമ്മുടെ കുടുംബങ്ങളെയും ദൈവസ്നേഹത്തിലും ദൈവഹിതത്തിലും നയിക്കേണ്ടത്. പിതാവ് പുത്രനിലും പുത്രൻ പിതാവിലും വസിക്കുന്നതുപോലെ വേർതിരിച്ചെടുക്കാനാവാത്ത ദൈവസ്നേഹത്തിന്റെ ആഴങ്ങളിൽ അടിസ്ഥാനമിട്ട കുടുംബ ബന്ധത്തിന്റെ മഹനീയ മാതൃകയാണ് തിരുക്കുടുംബം. പരിശുദ്ധ കന്യകാമറിയത്തിന്റെ സമർപ്പണവും വിശുദ്ധ യൗസേപ്പിതാവിന്റെ ദൈവാശ്രയവും ഉണ്ണീശോയുടെ അനുസരണവുമാണ് തിരുക്കുടുംബത്തിന്റെ ആത്മീയത. ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ച് ജീവിതത്തിന്റെ സഹനങ്ങളെ കരുത്തോടെ നേരിടുവാനും, ദൈവത്തിന് സ്വയം സമർപ്പിച്ച് കുടുംബങ്ങളെ പ്രാർത്ഥനാരൂപിയിൽ മുമ്പോട്ട് നയിക്കുവാനും മറിയത്തെ പോലെ എല്ലാ അമ്മമാർക്കും സാധിക്കണം. ദൈവവചനത്തിലും ദൈവത്തിന്റെ വാഗ്ദാനത്തിലും വിശ്വസിച്ച് വിശ്വസ്തതയോടെ ഉണ്ണീശോയെയും മാതാവിനെയും സംരക്ഷിച്ച മഹനീയ മാതൃകയാണ് വി. യൗസേപ്പിതാവിന്റേത്. യൗസേപ്പിതാവിനെപ്പോലെ നിശബ്ദതയിലൂടെ ദൈവസ്വരം തേടിയും പ്രാർത്ഥനയിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞും അധ്വാനത്തിലൂടെ

ദൈവമഹത്വം പ്രഘോഷിച്ചും കുടുംബങ്ങളുടെ കാവലാളാകുവാൻ എല്ലാ കുടുംബനാഥന്മാർക്കും കഴിയണം. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന ദൈവപുത്രൻ ജീവിതവഴികളിൽ വിശ്വാസത്തെയും, മാതാപിതാക്കളെയും തള്ളിപറയാതെ, അഹങ്കാരത്തിന്റെയും ധൂർത്തിന്റെയും ഭാവങ്ങൾ പ്രകടിപ്പിക്കാതെ, കടുംബത്തിനും നാടിനും സമുദായത്തിനും താങ്ങും തണലുമാകുവാൻ നമ്മുടെ കുഞ്ഞുങ്ങളെ ഓർമ്മിപ്പിക്കുന്നുണ്ട്.

ബത്‌ലഹേമിൽ ദൈവം മനുഷ്യനായി അവതരിച്ച സദ്‌വാർത്ത ആദ്യം ലഭിക്കുന്നത് ആടുകൾക്ക് കാവലിരുന്ന ആട്ടിടയൻമാർക്കാണ്. പ്രസിദ്ധ വാഗ്മിയായിരുന്ന ഫുൾട്ടൻ ജെ. ഷീൻ തന്റെ "ദ ഡിവൈൻ റൊമാൻസ്" എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇങ്ങനെയാണ് "ശൂന്യവത്കരണത്തിന്റെ ആൾരൂപമായി പുൽക്കൂട്ടിൽ പിറന്ന പൈതലിനെ കാണുവാൻ കഴിഞ്ഞത് തങ്ങൾക്ക് ഒന്നും അറിയില്ല എന്ന് അറിയാമായിരുന്ന ആട്ടിടയന്മാർക്കും തങ്ങൾക്ക് ഇനിയും ഒത്തിരിയേറെ അറിയാനുണ്ട് എന്ന് അറിയാമായിരുന്ന പൂജരാജാക്കന്മാർക്കുമാണ്". പിള്ളകച്ചകൾകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെയാണ് അവർ കണ്ടുമുട്ടിയത്. ദൈവികതയുടെ അടയാളം ലാളിത്യമാണ് എന്ന് ക്രിസ്തുമസ്സ് പ്രഘോഷിക്കുന്നു.

ക്രിസ്തുമസ്സ് ഒരു അനുഭവമാണ്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് പരിശുദ്ധ അമ്മയ്ക്ക് അസ്വാഭാവികമായ ഒരു അനുഭവമായിരുന്നു മംഗളവാർത്ത. അതേ അനുഭവം വി. എലിസബത്തിനുമുണ്ടായി. പരിശുദ്ധ അമ്മയുടെ അഭിവാദനം കേട്ടപ്പോൾ അവളുടെ ഉദരത്തിൽ ശിശു കുതിച്ചുചാടി. ആട്ടിടയന്മാർക്കും പൂജരാജാക്കന്മാർക്കും ഉണ്ടായത് ഇതേ അനുഭവമാണ്. ശിമയോൻ ശിശുവിനെ കരങ്ങളിലെടുത്ത് വിളിച്ചു പറഞ്ഞു; സകല ജനത്തിനുംവേണ്ടിയുള്ള രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ അനുഭവവും വ്യത്യസ്ഥമല്ല; അവരുടെ ഹൃദയം സന്തോഷംകൊണ്ട് നിറഞ്ഞു. അവർ പ്രാർത്ഥിച്ചു 'നാഥാ കൂടെ വസിക്കണമെ'.

ഏതൊരു മംഗളവാർത്തക്കു പിന്നിലും കാത്തിരിപ്പിന്റെയും, ചെറുതാകലിന്റെയും ഒരു അനിവാര്യതയുണ്ട്. നാൽപത് വർഷത്തെ മരുഭൂമി അനുഭവത്തിനൊടുവിലാണ് ഇസ്രായേൽ ജനം കാനാൻ

ദേശത്ത് പ്രവേശിക്കുന്നത്. തൊണ്ണൂറാം വയസിന്റെ വാർദ്ധ്യകൃത്തിലാണ് അബ്രാഹത്തിന് സന്തതി ഉണ്ടാകുന്നത്. നൂറ്റാണ്ടുകളുടെ കാത്തിരിപ്പിലാണ് ലോകത്തിന് ഈശോ എന്ന രക്ഷകനെ ലഭിച്ചത്. ക്ഷമയോടെ ദൈവഹിതത്തിനായി കാത്തിരിക്കുവാൻ നമ്മെ ഒരുക്കേണ്ട അവസരമാണ് 25 നോമ്പ്. ചീ ഉമമൈ ചീ ഉലമമൈ എന്നാണല്ലോ. ഉപവാസം അനുഷ്ഠിക്കാത്തവന് വിരുന്ന് ആസ്വദിക്കുവാനുള്ള അർഹത ഇല്ല എന്ന്. മത്സ്യ–മാംസാദികൾ വർജ്ജിച്ചുകൊണ്ട് തിരുപ്പിറവിക്കായി ഒരുങ്ങുന്ന വിശുദ്ധ പാരമ്പര്യമാണ് നമ്മുടെ സഭയ്ക്കുള്ളത്. സഭയുടെ മഹനീയമായ ഈ പാരമ്പര്യം വിശ്വസ്തതയോടെ നമുക്ക് പിന്തുടരാം. അതോടൊപ്പം കാലോചിതമായ വർജനങ്ങളെയും ഈ നോമ്പുകാലത്ത് പരിശീലിക്കുന്നത് നല്ലതാണ് എന്ന് തോന്നുന്നു. മൊബൈൽ ഫോണിന് അടിമകളായി കഴിയുന്നവരാണ് ഈ കാലഘട്ടത്തിലെ വലിയൊരു വിഭാഗം. 25 ദിവത്തേക്ക് അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കില്ല എന്ന് തീരുമാനിക്കുന്നത് ഉചിതമാണ്. അത് നമ്മുടെ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ഇതിൽ നിന്നും പരമാവധി അകന്നുനിൽക്കാൻ ഒരു പരിശീലനവുമാകും. മാരകമായ ലഹരി വസ്തുക്കൾ നമ്മുടെ സ്കൂളുകളെ കീഴടക്കി, വീടുകളുടെ പടിവാതിക്കൽ വരെ എത്തിക്കഴിഞ്ഞു. ഇളംതലമുറയെ നശിപ്പിക്കുന്ന എല്ലാ ലഹരി വസ്തുക്കളും പൂർണ്ണമായി ഉപേക്ഷിക്കുവാനുള്ള തീരുമാനം എടുത്താൽ അത് തിരുപ്പിറവിക്ക് കൂടുതൽ അർത്ഥപൂർണമായ ഒരുക്കമാകും. കൂടാതെ, ക്രിസ്തുമസ്സിനോട് ചേർന്ന് എല്ലാ വീടുകളിലും നക്ഷത്രവിളക്ക് തൂക്കണം. അതുപോലെ പുൽക്കൂടുകൾ തയ്യാറാക്കുകയും വേണം.

സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരം അടിസ്ഥാനമാക്കിയുള്ള 2024 വർഷത്തെ താമരശ്ശേരി രൂപത കലണ്ടർ എല്ലാ ഭവനങ്ങളിലേക്കും നൽകുന്നു. ഓരോ ദിവസത്തേയും ആരാധന ക്രമ വായനകൾ, വിശ്വാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പ്രധാനപ്പെട്ട തിരുനാളുകൾ തുടങ്ങിയവയെല്ലാം ഈ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബപ്രാർത്ഥനയിലെ വി. ഗ്രന്ഥവായനകൾ കലണ്ടറിനെ ആസ്പദമാക്കി നടത്തുന്നത് സഭയുടെ ആരാധനക്രമത്തോട് ചേർന്ന് നിൽക്കുവാൻ കൂടുതൽ സഹായകമാകും.

ഈ ആഗമനകാലത്തിൽ മറ്റൊരു കാര്യംകൂടി നിങ്ങളുടെ ശ്രദ്ധ

യിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. താമരശ്ശേരി രൂപതയ്ക്കു വേണ്ടി ഈ വർഷം 3 ഡീക്കന്മാർ പൗരോഹിത്യം സ്വീകരിക്കുകയാണ്. 90–റോളം വൈദികവിദ്യാർത്ഥികൾ വിവിധ സെമിനാരികളിലായി പരിശീലനത്തിലാണ്. ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള കരോൾ പിരിവിന്റെ പകുതി തുക സെമിനാരിക്കാരുടെ പരിശീലനത്തിനായാണ് നാം നൽകുന്നത്. വൈദിക പരിശീലനത്തിന് നിങ്ങൾ നൽകുന്ന സഹകരണത്തിന് കൃതജ്ഞത അർപ്പിക്കുകയും നിങ്ങളുടെ അനുദിന പ്രാർത്ഥനകളിൽ വൈദികവിദ്യാർത്ഥികളെയും ചേർക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഈ ആഗമനകാലത്തിൽ രക്ഷകനെ സ്വീകരിക്കുവാനായി പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം. യുഗാന്ത്യത്തോളം ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കുമെന്ന് പറഞ്ഞ ലോകരക്ഷകന്റെ ജനനത്തിനായി ഒരുങ്ങുമ്പോൾ അവൻ നമ്മുടെ ജീവിത യാത്രയിൽ നമ്മോടൊപ്പം ഉണ്ടാകുമെന്ന ബോധ്യം ജീവിതത്തിലുടനീളം നമുക്ക് ഉണ്ടാകട്ടെ. പരിശുദ്ധ അമ്മയുടെയും വി. യൗസേപ്പിതാവിന്റെയും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നമുക്ക് സംരക്ഷണമാകട്ടെ. ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഒരിക്കൽകൂടി ഏവർക്കും നേർന്നുകൊണ്ട്,



മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

സർക്കുലർ

# സീറോമലബാർ പ്രേഷിതവാരാചരണം 2024

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

ദനഹാതിരുനാളായ ജനുവരി ആറാം തിയതിമുതലുള്ള ഒരാഴ്ച ക്കാലം സീറോമലബാർസഭയിൽ പ്രേഷിതവാരമായി മുൻവർഷങ്ങ ളിലേതുപോലെ ആചരിക്കുകയാണ്. 'മിഷനെ അറിയുക, മിഷനറി യാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതചൈതന്യം സഭാമക്കളിൽ വർധിപ്പിക്കുന്നതിനും നമ്മുടെപ്രേ ഷിതപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിനുയോജിച്ച രീതിയിൽ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാ ണു സീറോമലബാർസഭ പ്രേഷിതവാരം ആചരിക്കുന്നത്.

എമ്മാവൂസിലേക്കുപോയ ശിഷ്യരുടെ അനുഭവത്തെ ആസ്പദ മാക്കി ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ എന്ന ചിന്താ വിഷയമാണ് ഈ വർഷത്തെ ആഗോള പ്രേഷിതഞായറാഴ്ചക്കു ഫ്രാൻസിസ് മാർപാപ്പ തിരഞ്ഞെടുത്തത്. ക്ഷീണിതരും ദുഃഖിത രും മ്ലാനവദനരുമായാണ് ആ രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്കു പുറപ്പെട്ടതെങ്കിലും ഉത്ഥിതനായ കർത്താവ് അവരുടെ കൂടെനട ക്കുകയും വചനം വ്യാഖ്യാനിക്കുകയും അപ്പം മുറിച്ചുനല്കുകയും ചെയ്തപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവിടത്തെ തിരിച്ചറിയുകയും ഉത്ഥിതനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരു മായി പങ്കുവയ്ക്കാൻ ഉടൻതന്നെ ജറുസലേമിലേക്കു തിരികെപോ വുകയും ചെയ്തു (ലൂക്കാ 24:33). അന്നത്തെപോലെതന്നെ ഇന്നും ഉത്ഥിതനായ കർത്താവു തന്റെ ശിഷ്യരോടു ചേർന്നുനടക്കുന്നു. അവർ ലക്ഷ്യമില്ലാത്തവരും ഉത്സാഹം നഷ്ടപ്പെട്ടവരും തങ്ങൾക്കുചു

റ്റും വലയം ചെയ്തുനില്ക്കുന്ന തിന്മയെ ഭയപ്പെടുന്നവരുമാകുമ്പോൾ ഈശോ അവരെ വചനത്താലും വി. കുർബാനയാലും ശക്തിപ്പെടുത്തുന്നു. യുദ്ധങ്ങളും പീഡനങ്ങളും മൂല്യശോഷണവും ഭൗതികവാദവും ആധിപത്യംപുലർത്തുന്ന സമൂഹത്തിൽ പ്രത്യാശയുള്ള പ്രേഷിതരാകാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. 'സുവിശേഷത്തിന്റെ സന്തോഷം' എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ ഇത്തരം സാഹചര്യങ്ങളിൽ പ്രത്യാശ നഷ്ടപ്പെട്ടവരാകാതിരിക്കാൻ ഇന്നത്തെ പ്രേഷിതർ ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു യഥാർത്ഥ ശിഷ്യൻ എപ്പോഴും ഗുരുവിന്റെ ഉപദേശങ്ങൾ അനുസരിച്ചു സ്വന്തം ജീവിതത്തെ ക്രമപ്പെടുത്തുകയും ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ ശിഷ്യഗണത്തിലേക്കു മറ്റുള്ളവരെ ആകർഷിക്കുകയും ചെയ്യുന്നു. സുവിശേഷാനുസൃതമായ ജീവിതത്തിലൂടെ മറ്റുള്ളവരെ ഈശോയിലേക്കും സഭയിലേക്കും നയിക്കുന്നവരാകണം ക്രൈസ്തവർ. ഇപ്രകാരം ചെയ്യുന്നവരെയാണു തിരുസഭ പ്രേഷിതർ എന്നു വിളിക്കുന്നത്. മാമോദീസ സ്വീകരിച്ച ഓരോ ക്രൈസ്തവനും പ്രേഷിതനാണ്. പ്രേഷിതദൗത്യം മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും മാത്രം കടമയായി കരുതപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അനേകം അല്മായസഹോദരങ്ങൾ സുവിശേഷപ്രഘോഷണശുശ്രൂഷയിലും ഈശോയുടെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംനല്കുന്ന പ്രവർത്തനങ്ങളിലും തീക്ഷ്ണതയോടെ ഏർപ്പെടുന്നുണ്ട്. സഭാസംവിധാനങ്ങളോടു ചേർന്നുനിന്നുകൊണ്ട് അല്മായർ നടത്തുന്ന ഈ പ്രേഷിതമുന്നേറ്റം ഈ കാലഘട്ടത്തിലെ വലിയ അനുഗ്രഹവും ശക്തമായ വിശ്വാസസാക്ഷ്യവുമാണ്.

സുവിശേഷപ്രഘോഷണത്തിനും സാക്ഷ്യത്തിനും നമ്മെ പ്രേരിപ്പിക്കുന്നതു ദൈവാത്മാവാണ്. ആത്മാവ് ഇഷ്ടമുള്ളിടത്തു തന്റെ ചൈതന്യം വർഷിക്കുന്നു. ആത്മാവിന്റെ പ്രചോദനമനുസരിച്ചു തീക്ഷ്ണമതികളായ വ്യക്തികൾ തങ്ങളുടെ ജീവിതത്തെ പ്രേഷിതദൗത്യത്തിനായി സമർപ്പിക്കുന്നു. ഓരോരുത്തരും തങ്ങൾക്കു ലഭിക്കുന്ന ദാനങ്ങളും വരങ്ങളും അനുസരിച്ച് ഈ പ്രേഷിതദൗത്യം നിറവേറ്റുന്നു. എല്ലാ വിശ്വാസികളും ഒത്തൊരുമിച്ചു കൂട്ടായ്മയോടുകൂടി ഈ ദൗത്യം നിർവഹിക്കുമ്പോൾ സഭയുടെ പ്രേ

ഷിതദൗത്യം കൂടുതൽ ഫലപ്രദമായിത്തീരുന്നു. ഈശോയുമായുള്ള വ്യക്തിപരമായ ബന്ധവും അവിടത്തെ സുവിശേഷത്തോടുള്ള പ്രതിബദ്ധതയും വി. പൗലോസ്ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9:16). ശ്ലീഹായുടെ ഈ നിർബന്ധബുദ്ധി നമുക്കുമുണ്ടാകണം. തന്റെ ലേഖനത്തിൽ ശ്ലീഹ നടത്തുന്ന ഈ ആഹ്വാനം നമുക്കും സർവാത്മനാ സ്വീകരിക്കാൻ സാധിക്കണം: വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗ്രതയോടെ വർത്തിക്കുക" (2 തിമോ. 4:2).

ഇക്കഴിഞ്ഞ ഒക്ടോബർ മാസം, സിനഡാത്മകതയെക്കുറിച്ചു റോമിൽ നടന്ന മെത്രാൻസിനഡിന്റെ ഒന്നാം സമ്മേളനം ചിന്തിച്ചതും പങ്കുവച്ചതും കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം എന്നിവയെക്കുറിച്ചായിരുന്നു. സഭയുടെ കൂട്ടായ്മ പ്രേഷിതദൗത്യത്തിനുവേണ്ടിയാണെന്നും ഈ പ്രേഷിതദൗത്യം സഭാംഗങ്ങളെല്ലാവരും പങ്കാളിത്തസ്വഭാവത്തോടെ നിർവഹിക്കണമെന്നതുമാണു സിനഡു നമ്മുടെ ചിന്തയ്ക്കും പ്രാർഥനയ്ക്കും തുടർപ്രവർത്തനത്തിനുമായി നിർദേശിച്ചിരിക്കുന്നത്. ഈ ദൗത്യനിർവഹണത്തിൽ ക്രൈസ്തവരെല്ലാവരും തങ്ങളുടെ പ്രത്യേകവിളികളുടെ സവിശേഷവരങ്ങളും പരിശുദ്ധാത്മാവു നൽകുന്ന ദാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടു ജീവിക്കേണ്ടിയിരിക്കുന്നു. ഒന്നിച്ചുചിന്തിക്കാനും ഒന്നിച്ചുനടക്കാനും ഒന്നിച്ചുപ്രവർത്തിക്കാനും നാം അഭ്യസിക്കണം. ഭിന്നിച്ചു കലഹിച്ചു ചിതറിപ്പോകേണ്ടവരല്ല ക്രൈസ്തവർ. സ്നേഹത്തിന്റെ കൂട്ടായ്മയിൽ മിശിഹായുടെ സുവിശേഷത്തിനും ജീവിതത്തിനും നാം സാക്ഷ്യം വഹിക്കണം.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നല്കട്ടെ. ലോകം മുഴുവനിലുമുള്ള എല്ലാ പ്രേഷിതർക്കും വേണ്ടി നമുക്കു പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കാം. മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസ

ഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻവാരാചരണം അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവൽക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നും അഭ്യർഥിക്കുന്നു. യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും (മത്താ 28:20) എന്ന ഈശോയുടെ വാഗ്ദാനം പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്കു പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും സമാഗതമാകുന്ന പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023 നവംബർ 24-ാം തിയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. ഈ സർക്കുലർ 2023 ഡിസംബർ മുപ്പത്തൊന്നാം തിയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2024 ഫെബ്രുവരി 20നു മുമ്പായി എത്തിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. New Appoinment**

| | | |
|---|---|---|
| Fr. Sebastian Kavalakkatt | : | Chancellor |
| Fr. Cheriyan Ponganpara | : | Pastoral Ministry, Chicago |
| Fr. Kurian Puramadathil | : | Director, PMOC & Priest home, Marikkunnu |
| Fr. Mathew Koramkott | : | Asst. Director, PMOC & Priest home, Marikkunnu |
| Fr. Mathew Kulathingal | : | Director, Pain & Paliative |

**2. വൈദികരുടെ പൊതുമാസ ധ്യാനം**

ക്രിസ്തുമസ്സിന് ഒരുക്കമായുള്ള വൈദികരുടെ പൊതുമാസ ധ്യാനം ഡിസംബർ 19–ാം തീയതി വ്യാഴാഴ്ച രൂപതാഭവനിൽ നടത്തുന്നു. എല്ലാ ബഹു. അച്ചന്മാരും രാവിലെ 10 മണിയോടെ രൂപതാഭവനിൽ എത്തിച്ചേരണ്ടതാണ്.

**3. കരോൾ പിരിവ്**

നമ്മുടെ പതിവനുസരിച്ച് ഇടവകകളിൽ നടത്തുന്ന ക്രിസ്തുമസ്സ് കരോൾ പിരിവിൽ ലഭിക്കുന്ന തുകയുടെ പകുതി രൂപതാവൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിന് വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ഇക്കാര്യം ഇടവകയിൽ നേരത്തെ അറിയിക്കുകയും ലഭിക്കുന്ന തുകയുടെ പകുതി സെമിനാരിക്കുവേണ്ടി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**4. ആരാധനക്രമ പഞ്ചാംഗം – കലണ്ടർ**

2024–ലെ ആരാധനക്രമ പഞ്ചാംഗവും തിരുവചന കലണ്ടറും രൂപതാഭവനിൽ നിന്നും ലഭ്യമാണ്.

**5. തിരുപ്പട്ട സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി 3 ഡീക്കന്മാർ ഈ വർഷം തിരുപ്പട്ടം

സ്വീകരിക്കുന്നു. കരികണ്ടൻപാറ, പൂഴിത്തോട്, കോടഞ്ചേരി എന്നീ ഇടവകകളിൽ വച്ച് ഡിസംബർ 28, 2024 ജനുവരി 4, 6 എന്നീ തീയതികളിലാണ് തിരുപ്പട്ട ശുശ്രൂഷകൾ നടക്കുന്നത്.

**6. ജൂനിയർ ക്ലെർജി**

പൗരോഹിത്യം സ്വീകരിച്ചിട്ട് 10 വർഷം പൂർത്തിയാകാത്ത വൈദികർക്കുവേണ്ടി നടത്തിവരുന്ന റിഫ്രഷൻ കോഴ്സ് 2024 ജനുവരി 21 മുതൽ 25 വരെ പി.എം.ഒ.സി.യിൽ വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. ലിസ്റ്റ് അടുത്തമാസം താമരമൊട്ടുകളിൽ നല്കുന്നതാണ്.

**7. ജൂബിലി ആശംസകൾ**

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന **ബഹു. മാത്യു മാവേലിയച്ചന്** ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. രൂപതയുടെ സമഗ്രവളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്ത് പൗരോഹിത്യ ശുശ്രൂഷകളിലൂടെ ദൈവജനത്തിന് സുവിശേഷമായി മാറിയ ബഹുമാനപ്പെട്ട അച്ചന് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന **ബഹു. ഫാ. സ്കറിയ മങ്ങരയിൽ, ബഹു. ഫാ. അബ്രാഹം കൊച്ചീലാത്ത്, ബഹു. ഫാ. ജേക്കബ് പ്ലാക്കൂട്ടത്തിൽ, ബഹു. ഫാ. ജോസഫ് കളരിക്കൽ** എന്നിവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. കഴിഞ്ഞ 25 വർഷങ്ങളിൽ താമരശ്ശേരി രൂപതയിലെ ദൈവജനത്തിന് വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്ത നിങ്ങളെ അഭിനന്ദിക്കുന്നു. നിത്യപുരോഹിതനായ ഈശോയുടെ ഹൃദയഭാവങ്ങൾ ഉൾക്കൊണ്ട് ഇനിയും പൗരോഹിത്യ വഴിയിൽ കർമ്മനിരതരാകാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ബഹു. മാത്യു പുള്ളോലിക്കൽ അച്ചൻ പൗരോഹിത്യ സുവർണ ജൂബിലിയിലേക്ക് പ്രവേശിക്കുന്നു.** ഈ ജൂബിലി വർഷം അച്ചന് പിന്നിട്ട വഴികളെയോർത്ത് ദൈവത്തിനും സഹോദരങ്ങൾക്കും നന്ദിയർപ്പിക്കാനുള്ള അവസരമാകട്ടെയെന്ന് ആശംസിക്കുന്നു.

**പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയിലേക്ക് പ്രവേശിക്കുന്നവർ ബഹു. ഫാ. ജോസ് കരോട്ടുഴുന്നാലിൽ, ബഹു.**

**ഫാ. ജോൺസൺ നന്ദളത്ത്, ബഹു. ഫാ. മാത്യു നിരപ്പേൽ, ബഹു. ഫാ. ജോസഫ് തുരുത്തിയിൽ** എന്നീ വൈദികരാണ്. ഈ വർഷം മുഴുവൻ ദൈവത്തിന് നന്ദി പറഞ്ഞ് കൂടുതൽ കരുത്തോടെ പൗരോഹിത്യ ശുശ്രൂഷയിൽ മുന്നോട്ടുപോകാൻ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

### 8. നാല്പതുമണി ആരാധന

നമ്മുടെ രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് നടത്തുന്ന നാല്പതുമണി ആരാധാന ഒക്ടോബർ 4 മുതൽ ആരംഭിച്ചുവല്ലോ. 2023 ഡിസംബർ, 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ആരാധന നടത്തുന്ന ഇടവകകളുടെ പേരുകളും തീയതിയും താഴെ കൊടുക്കുന്നു.

**2023 നവംബർ 29 മുതൽ ഡിസംബർ 31 വരെ**

| | |
|---|---|
| പടത്തുകടവ് | നവംബർ 29, 30, ഡിസംബർ 1, 2 |
| പശുക്കടവ് | ഡിസംബർ 4, 5, 6, 7 |
| പൊയിലോംചാൽ | ഡിസംബർ 8, 9,11, 12 |
| പൂതംപാറ | ഡിസംബർ 13, 14, 15, 16 |
| പൂഴിത്തോട് | ഡിസംബർ 18, 19, 20, 21 |
| പി.ടി ചാക്കോ നഗർ | ഡിസംബർ 27, 28, 29, 30 |

**2024 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെ – കൂരാച്ചുണ്ട് ഫൊറോന**

| | |
|---|---|
| കൂരാച്ചുണ്ട് | ജനുവരി 1, 2, 3, 4 |
| ചക്കിട്ടപാറ | ജനുവരി 5, 6, 8, 9 |
| കക്കയം | ജനുവരി 10, 11, 12, 13 |
| കല്ലാനോട് | ജനുവരി 15, 16, 17, 18 |
| കരികണ്ടൻപാറ | ജനുവരി 19, 20, 22, 23 |
| കരിയാത്തുംപാറ | ജനുവരി 24, 25, 26, 27 |
| കാറ്റുള്ളമല | ജനുവരി 29, 30, 31 ഫെബ്രുവരി 1 |
| കുളത്തുവയൽ | ഫെബ്രുവരി 2, 3, 5, 6 |
| മുതുകാട് | ഫെബ്രുവരി 7, 8, 9, 10 |
| നരിനട | ഫെബ്രുവരി 12, 13, 14, 15 |

| | |
|---|---|
| പാത്തിപ്പാറ | ഫെബ്രുവരി 16, 17, 19, 20 |
| പേരാമ്പ്ര | ഫെബ്രുവരി 21, 22, 23, 24 |
| പെരുവണ്ണാമൂഴി | ഫെബ്രുവരി 26, 27, 28, 29 |

**9. സ്മരണാഞ്ജലി**

14–12–1982 – റവ. ഫാ. അബ്രാഹം കുഴിമുള്ളോരം

**24–12–1998 – റവ. ഫാ. ജോർജ് തടത്തിൽ**

**24–12–2011 – റവ. ഫാ. അഗസ്റ്റിൻ കീലത്ത്**

25–12–1983 – റവ. ഫാ. അഗസ്റ്റ്യൻ കിഴക്കാരക്കാട്ട്

25–12–2001 – റവ. ഫാ. ഫ്രാൻസിസ് അറയ്ക്കൽ

26–12–1994 – റവ. ഫാ. ജോസ് മുക്കാട്ട്


**29–12–2018 – റവ. ഫാ. ജോസഫ് കാളക്കുഴി**

**പ്രോട്ടോസിഞ്ചെല്ലൂസ്**

## സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. ജോർജ് തടത്തിൽ** (24.12.1998)



**റവ. ഫാ. ജോസഫ് കാളക്കുഴി** (29.12.2018)

# 12–ാം പാസ്റ്ററൽ കൗൺസിൽ 2–ാം യോഗറിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ 2–ാം യോഗം 2023 നവംബർ 11 ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപതാദ്ധ്യക്ഷൻ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതാഭവനിൽ ചേർന്നു. സി. സെലിൻ ജോസ് സി.എം.സി. നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിച്ച യോഗത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. അബ്രാഹം വയലിൽ സ്വാഗതമാശംസിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ ഘടനയും കാനോനികമായ പ്രാധാന്യവും ചൂണ്ടിക്കാണിച്ച മോൺ അബ്രാഹം അഭിവന്ദ്യ പിതാവിനെയും അംഗങ്ങളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് കഴിഞ്ഞ കൗൺസിൽ യോഗത്തിനുശേഷം നിത്യതയിലേയ്ക്ക് കടന്നുപോയ രൂപതാംഗങ്ങളായ ബഹു. വൈദികരെ അനുസ്മരിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

12–ാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനസമ്മേളനത്തിന്റെ വിശദമായ റിപ്പോർട്ട് കൗൺസിൽ സെക്രട്ടറി ശ്രീ. ബെന്നി ലൂക്കോസ് അവതരിപ്പിച്ചു. റിപ്പോർട്ടിൽ പരാമർശിച്ച പ്രധാന തീരുമാനങ്ങളും അവ നടപ്പിൽ വരുത്താൻ സ്വീകരിച്ച നടപടികളും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. തുടർന്ന് പുതുതായി എത്തിയ അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി. അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷപ്രഭാഷണത്തിൽ യോഗത്തിന്റെ പ്രധാന അജണ്ടകൾ വിശദീകരിക്കുകയും റൂബി ജൂബിലി കർമ്മപദ്ധതികൾ, വിദേശരാജ്യങ്ങളിലേക്കുള്ള നവകുടിയേറ്റത്തിന്റെ പ്രത്യാഘാതങ്ങൾ, കാർഷിക മേഖലയിലെ പ്രതിസന്ധികൾ എന്നീ വിഷയങ്ങൾ പരാമർശിക്കുകയും ചെയ്തു. സമുദായത്തിന്റെ സംഘടിത ശക്തിയും സ്വാധീനവും സമകാലീന രാഷ്ട്രീയ, സാമൂഹ്യ സാഹചര്യങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ എടുത്തുപറയുകയുണ്ടായി. 2024 ൽ നടക്കുന്ന 5–ാം മത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ കാര്യം, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിക്ക്

മുന്നോടിയായി നടത്തുന്ന രൂപതാ അസംബ്ലി, രൂപതയുടെ റൂബി ജൂബിലി എന്നിവ പിതാവ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി. സുവിശേഷ പ്രഘോഷണമായിരിക്കണം എല്ലാ തലങ്ങളിലും അസംബ്ലിയുടെ മുഖ്യലക്ഷ്യമെന്നും വി. തോമാശ്ലീഹായാൽ അനുഗ്രഹീതമായ നമ്മുടെ സഭയ്ക്ക് ദൈവകൃപയാൽ പ്രതിസന്ധികളെ തരണം ചെയ്ത് വലിയ സംവിധാനങ്ങൾ കെട്ടിപ്പടുക്കാൻ സാധിച്ചുവെന്നു അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. കാലികമായ വെല്ലുവിളികളെ ദൈവത്തിൽ ആശ്രയിക്കുകവഴി പരിഹാരം കാണാൻ കഴിയുമെന്ന പ്രത്യാശയും പിതാവ് പങ്കുവെച്ചു. രൂപതയുടെ പുരോഗതിയ്ക്ക് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ നൽകുന്ന സഹകരണത്തിനും, പിന്തുണയ്ക്കും പിതാവ് നന്ദി പ്രകാശിപ്പിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ നിർദ്ദേശങ്ങളെ വിലമതിക്കുന്നുവെന്നും അവ സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കുന്നുണ്ടെന്നും പറഞ്ഞുകൊണ്ട് അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗം ഉപസംഹരിച്ചു.

തുടർന്ന് പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന കൗൺസിൽ അംഗങ്ങളായ ഫാ. ജോസഫ് കളരിക്കൽ, ഫാ. സ്കറിയ മങ്കരയിൽ, ഫാ. അബ്രാഹം കൊച്ചിലാത്ത് എന്നിവരെയും ബഹു. വൈദികരെയും സന്ന്യസ്തരെയും പൂക്കൾ നൽകി അഭിവന്ദ്യ പിതാവ് ആദരിക്കുകയും അനുമോദനങ്ങളും ജൂബിലി ആശംസകളും നേരുകയും ചെയ്തു. രൂപതാസ്ഥാപനത്തിന്റെ 40–ാം വാർഷികമായ റൂബി ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട വിവിധ കർമ്മപദ്ധതികളും അവയുടെ പ്രവർത്തനപുരോഗതിയും കൺവീനർ ഫാ. ജോൺ ഒറവുങ്കര വിശദീകരിക്കുകയും തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട നടന്ന പൊതുചർച്ചയിൽ ദീപിക പ്രചാരണത്തിനായി പ്രത്യേക കർമ്മപദ്ധതി ഉൾപ്പെടുത്തണമെന്ന ശ്രീ. ജോർജ്ജ് വട്ടുകുളത്തിന്റെ നിർദ്ദേശത്തോടും ജെറിയാട്രിക് കെയർ, പകൽ വീട് എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകണമെന്നും ജൂബിലിയോടനുബന്ധിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടുകളുടെ എണ്ണം മുൻകൂട്ടി പ്രഖ്യാപിക്കണമെന്നുമുള്ള ശ്രീ. തോമസ് വലിയപറമ്പന്റെ നിർദ്ദേശത്തോടും അഭിവന്ദ്യ പിതാവ് ക്രിയാത്മകമായി പ്രതികരിച്ചു.

തുടർന്ന് 2024 ഓഗസ്റ്റ് മാസത്തിൽ നടക്കുന്ന 5–ാമത് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖ (Lineamenta) അൽഫോൻസ മൈനർ സെമിനാരി റെക്ടർ ഫാ. ഡോ.


ജേക്കബ് അരീത്തറ അവതരിപ്പിച്ചു. അസംബ്ലിയുടെ മുഖ്യപരിഗണന ാവിഷയങ്ങളായ വിശ്വാസപരിശീലനത്തിന്റെ നവീകരണം, ഫലപ്രദ മായ സുവിശേഷപ്രഘോഷണത്തിനായി അത്മായവിശ്വാസികളെ ശക്തിപ്പെടുത്തൽ, സീറോ മലബാർ സമുദായത്തെ ശാക്തീകരിക്കൽ എന്നിവയും അനുബന്ധ ചർച്ചാസൂചകങ്ങളും ജേക്കബച്ചൻ വിശദീക രിച്ചു. തുടർന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ 6 ഗ്രൂപ്പുകളായി തിരിഞ്ഞ് അംഗങ്ങൾ ചർച്ച നടത്തുകയും ചർച്ച നിർദ്ദേശങ്ങൾ ഗ്രൂപ്പു സെക്രട്ടറിമാരായ ശ്രീ. മാജുഷ് മാത്യു, ശ്രീ. തോമസ് വലിയപറമ്പൻ, ഡോ. ജോൺ ജോസഫ്, ശ്രീമതി മേരി വിലങ്ങുപാറ, ശ്രീമതി ആതിര കുര്യൻ, ശ്രീ. റ്റോമി പെരുവിലാങ്ങാട്ട് എന്നിവർ അവതരിപ്പിച്ചു. ശൂന്യവേള യിലെ പൊതുചർച്ചയിൽ ശ്രീ. തോമസ് വലിയപറമ്പൻ, ശ്രീ. ബാബു കൂനംതടത്തിൽ, ഫാ. മാത്യു തൂമുള്ളിൽ, ശ്രീ. സജീവ് പുരയിടം, ശ്രീ. ജോബി ഇലഞ്ഞിക്കൽ, ശ്രീ. കുര്യൻ ചെമ്പനാനി, ശ്രീ. മാജുഷ് മാത്യു, ശ്രീ. ജോർജ്ജ് വട്ടുകുളം, ശ്രീമതി സെമിലി സുനിൽ എന്നി വർ വിവിധ വിഷയങ്ങൾ അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. ചർച്ച ഉപസംഹരിച്ചു സംസാരിച്ച അഭിവന്ദ്യ റെമീജിയോസ് പിതാവ് നിർദ്ദേശങ്ങൾ സ്വാഗതം ചെയ്തു.

പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. ചെറിയാൻ പൊങ്ങൻപാറയുടെ കൃതജ്ഞതാപ്രകാശനത്തിനുശേഷം ത്രികാല ജപത്തോടും അഭിവന്ദ്യ പിതാവിന്റെ ശ്ലൈഹികാശീർവാദത്തോടും കൂടി യോഗം പര്യവസാനിച്ചു.

**ശ്രീ. ബെന്നി ലൂക്കോസ്**
സെക്രട്ടറി

**ഫാ. ചെറിയാൻ പൊങ്ങൻപാറ**
ജനറൽ സെക്രട്ടറി

# MSMI, FCC, സഭകളിലെ നവസന്യാസിനിമാർക്ക് താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ...


Sr. Maria Chiara FCC


Sr. Deepa Devasia FCC


Sr.Justina MSMI


Sr.Alana Tresa Joseph


Sr. Christy Babu

# ബൈബിൾ അപ്പോസ്തൊലേറ്റ്

**ലോഗോസ് ക്വിസ്**

2023 നവംബർ 5 ന് കോഴിക്കോട് പ്രൊവിഡൻസ് സ്കൂളിൽ വച്ചു നടന്ന ലോഗോസ് ക്വിസ് സംസ്ഥാനതല മത്സരത്തിൽ വിവിധ വിഭാഗത്തിൽ നിന്നായി 18 പേർ പങ്കെടുത്തു. വിജയികളായ, ബി. വിഭാഗത്തിൽ: ലിയ ട്രീസ കേഴപ്ലാക്കലും, ഇ. വിഭാഗത്തിൽ: മാത്യു തൈക്കുന്നുംപുറത്തും, നവംബർ 18 ന് എറണാകുളത്ത് പി. ഒ. സി. യിൽ വച്ച് നടന്ന ലോഗോസ് ഫൈനൽ മത്സരത്തിൽ പങ്കെടുത്തു. ബി. വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്തമാക്കി ലിയ ട്രീസ കേഴപ്ലാക്കൽ നവംബർ 19 ന് നടന്ന പ്രതിഭ ഫൈനൽ മത്സരത്തിൽ പങ്കെടുക്കുകയും, രാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. കൂരോട്ടുപാറ ഇടവക കേഴപ്ലാക്കൽ സുനിൽ, ഷീന ദാമ്പതികളുടെ മകളാണ് ലിയ ട്രീസ.

**ഫാ. മാത്യു കോരംകോട്ട്**
**ഡയറക്ടർ, ബൈബിൾ അപ്പോസ്തൊലേറ്റ്**

# വിശ്വാസപരിശീലനം

**'യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നവനിൽ ദൈവം വസിക്കുന്നു; അവൻ ദൈവത്തിലും വസിക്കുന്നു.' (1 യോഹന്നാൻ 4:5)**

## Power Cell (മതാധ്യാപക സംഗമം)

നവംബർ 4 ശനിയാഴ്ച കുന്ദമംഗലം സെന്ററിൽ വച്ച് നടന്ന പവർ സെൽ –14 ൽ കുന്ദമംഗലം, അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, കട്ടാങ്ങൽ എന്നീ ഇടവകകളിൽ നിന്നും 62 അധ്യാപകർ പങ്കെടുത്തു. നവംബർ 7 ചൊവ്വാഴ്ച തേഞ്ഞിപ്പാലം സെന്ററിൽ വച്ച് നടന്ന പവർ സെൽ – 15 ൽ തേഞ്ഞിപ്പാലം, കടലുണ്ടി, കുണ്ടായിത്തോട്,

പരപ്പനങ്ങാടി, മാങ്കാവ് എന്നീ ഇടവകകളിൽ നിന്നും 50 അധ്യാപകർ പങ്കെടുത്തു. നവംബർ 8 ബുധനാഴ്ച്ച തോട്ടുമുക്കം സെന്ററിൽ വച്ച് നടന്ന പവർ സെൽ –16 ൽ ചുണ്ടത്തുംപൊയിൽ, മരഞ്ചാട്ടി, പനംപ്ലാവ്, തോട്ടുമുക്കം, വാലില്ലാപ്പുഴ, വെറ്റിലപ്പാറ എന്നീ ഇടവകകളിൽ നിന്നും 79 അധ്യാപകരും നവംബർ 13 തിങ്കളാഴ്ച പുതുപ്പാടി സെന്ററിൽ വെച്ച് നടന്ന പവർ സെൽ –17ൽ മൈലെള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ എന്നീ ഇടവകകളിൽ നിന്നും 63 അധ്യാപകരും പങ്കെടുത്തു. നവംബർ 20 തിങ്കളാഴ്ച കക്കാടംപൊയിൽ സെന്ററിൽ വച്ച് നടന്ന പവർ സെൽ –18 ൽ കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, പുഷ്പഗിരി, കോനൂർക്കണ്ടി എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. നവംബർ 22 ബുധനാഴ്ച വിളക്കാംതോട് സെന്റെറിൽ വെച്ച് നടന്ന പവർ സെൽ –19 ൽ തിരുവമ്പാടി, മുക്കം, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട് എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. നവംബർ 23 വ്യാഴാഴ്ച്ച ആനക്കാംപൊയിൽ സെന്റെറിൽ വച്ച് നടന്ന പവർ സെൽ –20 ൽ പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ് എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. നവംബർ 30 വ്യാഴാഴ്ച്ച മാവൂർ സെന്ററിൽ വച്ച് നടന്ന പവർ സെൽ –21 ൽ മാവൂർ, ചേവായൂർ, ദേവഗിരി, പാറോപ്പടി എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. എല്ലാ പവർ സെൽ പ്രോഗ്രാമുകളിലും അഭിവന്ദ്യ പിതാവ് പങ്കെടുത്തു. വി.കുർബാന കേന്ദ്രവിഷയമാക്കിയുള്ള പരിശീലന പരിപാടിയാണ് പവർ സെൽ.

## Faith @ Parish

ഒക്ടോബർ 22 ഞായറാഴ്ച്ച രൂപതാ മതബോധന ഡയറക്ടർ ഫാ.ജോൺ പള്ളിക്കാവയലിൽ വാണിയമ്പലം ഇടവകയിൽ സന്ദർശനം നടത്തി വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും കുട്ടികൾക്ക് സന്ദേശം നൽകുകയും, മതാധ്യാപകരെ കണ്ട് വിശ്വാസ പരിശീലനം വിലയിരു ത്തുകയും ചെയ്തു. ഒക്ടോബർ 29 ഞായറാഴ്ച്ച അർദ്ധവാർഷിക പരീക്ഷ ദിനത്തിൽ രൂപത ഡയറക്ടർ കട്ടിപ്പാറ ഇടവകയിലും സന്ദർശനം നടത്തി.

**മതാധ്യാപക ദിനം**

വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 05 ഞായറാഴ്ച രൂപതയിലെ എല്ലാ ഇടവകകളിലും മതാധ്യാപകദിനം ആചരിച്ചു. ഇടവകകളിൽ മതാധ്യാപകർക്കുവേണ്ടി വി. ബലി അർപ്പിക്കുകയും, പ്രാർത്ഥിക്കുകയും, അവരെ ആദരിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**ACC 13,14 ക്ലാസ്സുകൾ**

നവംബർ മാസത്തെ ACC 13 ന്റെ 2 ക്ലാസ്സുകളും, ACC14 ന്റെ 2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

ACC13 ൽ 'ഗർഭഛിദ്രം' എന്ന വിഷയത്തെ കുറിച്ച് റവ.ഡോ. ഫിലിപ്പ് ചക്കുംമ്മൂട്ടിൽ (Part-1,Part-2) ക്ലാസ്സുകൾ എടുത്തു. ACC 14ൽ 'ജീവന്റെ മൂല്യം' (ഭാഗം 2) Mr.Sonimon Xavier Karivelickalലും ലൈംഗിക ധാർമികത' എന്ന വിഷയത്തെ കുറിച്ച് Mr.Sunny Kokkappally യും ക്ലാസ്സുകൾ എടുത്തു.

Mr. Johnson Poovathinkal ഇതേ ക്ലാസ്സുകൾ പവർപോയിന്റ് പ്രസന്റേഷനോടുകൂടി കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

**മീഡിയ കാറ്റക്കേസിസ്**

നവംബർ മാസത്തിൽ നടന്ന HCC II രൂപതാതല പ്രതിഭാ സംഗമം, പവർ സെൽ, Faith @ Parish, ACC, അർദ്ധവാർഷിക പരീക്ഷ എന്നീ പ്രോഗ്രാമുകളുടെ വീഡിയോകൾ കാറ്റക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

**അഭിവന്ദ്യ പിതാവിന്റെ സന്ദേശം**

മതാധ്യാപക ദിനത്തിൽ അഭിവന്ദ്യ പിതാവിന്റെ സന്ദേശം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. വി. ചാൾസ് ബൊറൊമിയോയുടെ ജീവിതത്തെ അനുകരിച്ച് വിശ്വാസ പരിശീലകർ തീഷ്ണതയും, ദൈവസ്നേഹവും ഉള്ള ശുശ്രൂഷകരായിരിക്കണം എന്ന് പിതാവ് സന്ദേശത്തിൽ അധ്യാപകരെ ഓർമ്മിപ്പിച്ചു.

**HCC II രൂപതാതല പ്രതിഭാ സംഗമം**

നവംബർ 10,11,12 (വെള്ളി, ശനി, ഞായർ) തിയതികളിൽ HCC II രൂപതാതല പ്രതിഭാ സംഗമം PMOCയിൽ വച്ച് നടന്നു. വെള്ളിയാഴ്ച

വൈകിട്ട് 4.30ന് രജിസ്ട്രേഷനോടു കൂടി ആരംഭിച്ചു. 26 പ്രതിഭകൾ പങ്കെടുത്തു. ജേക്കബ് കോച്ചേരി സർ, ബോണി സർ എന്നിവർ പ്രോ ഗ്രാം നയിച്ചു. താമരശ്ശേരി രൂപത മെത്രാൻ അഭിവന്ദ്യ മാർ റെമീ ജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രതിഭകൾക്ക് സർട്ടിഫിക്കറ്റും മൊമെന്റോയും നൽകി. ഞായറാഴ്ച്ച രാവിലെ 10ന് സമാപിച്ചു.

**HCC II രൂപതാതല പ്രതിഭകൾ**

Boys :- 1. Edvin P Jo Plakkissery, Venappara
2. Shan Tom Sijo Elavanal, Kunduthodu

Girls :- 1. Augsa Elizabeth Shyjen Chemparathikkal, Karuvarakundu
2. Rose Mary Augustine Thalachira, Chakkittapara

പ്രൊമോട്ടേഴ്സിന്റെ സന്ദർശനം

നവംബർ മാസത്തിലെ ഞായറാഴ്ച്ചകളിൽ ഓരോ ഇടവകകളി ലേയും വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രൊ മോട്ടേഴ്സ് ഇടവക സന്ദർശനം നടത്തി, പ്രവർത്തനങ്ങൾ വിലയി രുത്തി.

**ഡിസംബർ 2023**

| | |
|---|---|
| 01–2–23 വെള്ളി | ഇരുപത്തഞ്ചു നോമ്പാരംഭം (വിശ്വാസപരിശീലകരും കുട്ടികളും 25 ദിവസം മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുക്കുക) |
| 02–12–23 ശനി | Power Cell: കട്ടിപ്പാറ സെന്റർ (താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, ഈങ്ങാപ്പുഴ, കൂമുള്ളി, തലയാട്, വയലിട) |
| 03–12–23 ഞായർ | മംഗളവാർത്താക്കാലം 1–ാം ഞായർ<br>വി. ഫ്രാൻസിസ് സേവ്യർ<br>ACC 13, 14 Online Class |
| 04–12–23 തിങ്കൾ | Power Cell: വിലങ്ങാട് സെന്റർ (മേഖലയിലെ മുഴുവൻ ഇടവകകളും) |
| 08–12–23 വെള്ളി | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| 09–12–23 ശനി | രൂപതാ മതബോധന കമ്മറ്റി – രൂപതാഭവൻ (2.00 pm - 4.00 pm) |

| | |
|---|---|
| 10–12–23 ഞായർ | മംഗളവാർത്താക്കാലം 2–ാം ഞായർ |
| 11–12–23 തിങ്കൾ | HCC Invigilators & Exam Supervisors ലിസ്റ്റ് മേഖലാ പ്രസിഡന്റുമാർ രൂപതയിൽ അറിയിക്കേണ്ട ദിവസം. |
| 14–12–23 വ്യാഴം | കുരിശിന്റെ വി. യോഹന്നാൻ |
| 17–12–23 ഞായർ | മംഗളവാർത്താക്കാലം 3–ാം ഞായർ<br>ACC 13, 14 Online Class |
| 23–12–23 ശനി | ACC 13, 14 ഇടവകതല സംഗമം |
| 24–12–23 ഞായർ | മംഗളവാർത്താക്കാലം 4–ാം ഞായർ (ക്രിസ്തുമസ് അവധി, വേദപാഠം ഉണ്ടായിരിക്കുന്നതല്ല) |
| 25–12–23 തിങ്കൾ | ക്രിസ്തുമസ് |
| 26–12–23 ചൊവ്വ | വി. എസ്തപ്പാനോസ് |
| 27–12–23 ബുധൻ | വി. യോഹന്നാൻ ശ്ലീഹാ |
| 28–12–23 വ്യാഴം | കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം) |
| 31–12–23 ഞായർ | പിറവിക്കാലം 1–ാം ഞായർ<br>വർഷാവസാനം |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

**ആരാധനാവത്സര കലണ്ടർ 2024**

സീറോ മലബാർസഭയുടെ ആരാധനാവത്സരം അടിസ്ഥാനമാക്കിയുള്ള താമരശ്ശേരി രൂപത കലണ്ടർ 2024 ലിറ്റർജി കമ്മീഷൻ രൂപതാ പാസ്റ്ററൽ സെന്ററിന്റെ (PMOC) സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായാണ് ഈ കലണ്ടർ നൽകുന്നത്. ഓരോ ദിവസത്തെയും ആരാധനക്രമവായനകൾ, വിശ്വാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പ്രധാനപ്പെട്ട തിരുനാളുകൾ, പൊതുഅവധി ദിനങ്ങൾ തുടങ്ങിയവ ഈ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ

കലണ്ടറിന്റെ അടിസ്ഥാനത്തിൽ 'ഫീദെസ് ഫാമിലി ക്വിസ് 2024' എന്നപേരിൽ ഒരു ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. അതിനാൽ ഈ കലണ്ടർ ഒരു പഠനോപകരണം കൂടിയാണ്.

ബഹു. അച്ചന്മാർ ഇടവകയിലെ എല്ലാ ഭവനങ്ങളിലും ഈ കലണ്ടർ എത്തിക്കുമല്ലോ. കലണ്ടറിനെ ആസ്പദമാക്കി ഓരോ ദിവസത്തെയും കുടുംബ പ്രാർത്ഥനയിൽ വിശുദ്ധ ഗ്രന്ഥ വായനകൾ നടത്താൻ പ്രോത്സാഹിപ്പിക്കുന്നത് നല്ലതാണ്. ഇടവകയിലെ സന്യാസ ഭവനങ്ങൾക്കും കലണ്ടർ നൽകാൻ ശ്രദ്ധിക്കുമല്ലോ.

ഈ കലണ്ടർ യാഥാർത്ഥ്യമാക്കാൻ ഏറെ സഹായിച്ച പി.എം.ഒ.സി ഡയറക്ടർ ബഹു.സെബാസ്റ്റ്യൻ കവളക്കാട്ടച്ചനും പരസ്യങ്ങൾ നൽകിയ ബഹു. അച്ചൻമാർക്കും ബഹു. സിസ്റ്റർ സുപ്പീരിയേഴ്സിനും മറ്റുള്ളവർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത അറിയിക്കുന്നു.

**ഫീദെസ് ഫാമിലി ക്വിസ് 2024**

താമരശ്ശേരി രൂപത കലണ്ടറിന്റെ അടിസ്ഥാനത്തിൽ 'ഫീദെസ് ഫാമിലി ക്വിസ് 2024' എന്ന പേരിൽ ഈ വർഷവും ക്വിസ്മത്സരം സംഘടിപ്പിക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന ഈ മത്സരത്തിന്റെ ആദ്യഘട്ടത്തിൽ 100 ചോദ്യങ്ങൾ ആണുള്ളത്. ഈ ചോദ്യങ്ങൾ അടങ്ങിയ ക്യു ആർ കോഡ് 2024 സെപ്റ്റംബർ ഒക്ടോബർ ലക്കത്തിലെ മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്നതാണ്. താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഓരോ കുടുംബവും ആണ് ഒരു ടീം. ഒരു കുടുംബത്തിൽ നിന്ന് കുറഞ്ഞത് രണ്ടു പേർക്കും കൂടിയത് മൂന്നുപേർക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്. താമരശ്ശേരി രൂപത കലണ്ടർ 2024 (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിങ്ങനെയാണ് ആദ്യഘട്ടത്തിലെ സിലബസ്. ആദ്യഘട്ടത്തിൽ ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് ഓരോ ഇടവകയിലെയും രണ്ടു ടീമുകളെ (കുടുംബങ്ങളെ) തിരഞ്ഞെടുക്കുന്നു. അവരാണ് ഫൈനൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഫൈനൽ മത്സരത്തിൽ Rs.15000 (CHEM Pharma, Calicut Road, Manjeri) Rs. 10000 (Fatima Druglines, Manjeri), Rs.5000 (Maruti Auto House, Manjeri)എന്ന രീതിയിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകുന്നതാണ്. കൂടാതെ പങ്കെടുക്കുന്നവർക്ക് നിരവധി

പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്.

ഇത്തരത്തിലുള്ള മത്സരങ്ങളിലൂടെ നമ്മുടെ വിശ്വാസത്തെയും വിശുദ്ധ കുർബാനയെയും കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാനുള്ള അവസരം എല്ലാവർക്കും ലഭിക്കുന്നതുകൊണ്ട് ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ നവംബർ മാസത്തിലെ ക്ലാസുകൾ 11, 25 തീയതികളിൽ നടന്നു.

നവംബർ 11 ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും പ്രസിദ്ധ വചന പ്രഘോഷകനുമായ ശ്രീ. ചെറിയാൻ കവലയ്ക്കൽ സാറായിരുന്നു. 'പരിശുദ്ധ കുർബാനയും പഴയ നിയമ പശ്ചാത്തലവും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സമാപന ക്ലാസ് ആണ് അദ്ദേഹം നയിച്ചത്. നവംബർ 25ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും താമരശ്ശേരി രൂപത പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ ബഹു. ഡോ. മാത്യു കുളത്തിങ്കൽ അച്ചനാണ്. 'വിശുദ്ധ കുർബാന സഭാ പിതാക്കന്മാരുടെ വീക്ഷണത്തിൽ' എന്ന വിഷയവുമായി ബന്ധപ്പെട്ടാണ് അദ്ദേഹം ക്ലാസ് നയിച്ചത്. വൈകിട്ട് 8:30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി നൂറോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിൽ, കോട്ടയ്ക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# അൾത്താരാ സംഘടന (SMART)

**Vlog Competition**

SMART അംഗങ്ങൾക്ക് വേണ്ടി നടത്തിയ Vlog Competition ന് നിരവധി കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാ SMART അംഗങ്ങൾക്കും കുട്ടികളെ ഒരുക്കിയ വികാരി അച്ചൻമർക്കും ആനിമേറ്റേഴ്സിനും അഭിനന്ദനങ്ങൾ.

*സമ്മനാർഹരായവർ :*

1st - Ansa Mariya Jobit Kuzhiyamplavil, Paloor

2nd - Abin James Mulanjitharappel, Thamarassery

3rd - Ditto Don Joseph Vaduthalayil, Chippilithode

*പ്രോത്സാഹന സമ്മാനം നേടിയവർ :*

1 - Ann Mariya Jobit Kuzhiyamplavil, Paloor

2 - Joel James Kocholickal, Kattippara

3 - Elizabeth Thomas Edappadiyil, Padathukadavu

**ഇംഗ്ലീഷ് കോഴ്സ്**

SMART അംഗങ്ങൾക്ക് വേണ്ടി START ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇംഗ്ലീഷ് കോഴ്സിന്റെ ആദ്യ semester exam നടത്തി.

**സ്വർഗീയ മധ്യസ്ഥന്റെ തിരുനാൾ**

നവംബർ 26ന് അൾത്താര ശുശ്രൂഷകരുടെ സ്വർഗീയ മധ്യസ്ഥൻ ആയ വിശുദ്ധ ജോൺ ബർക്കുമെൻസിന്റെ തിരുനാൾ അൾത്താര ശുശ്രൂഷകരുടെ തിരുനാൾ ദിവസമായി ഇടവകകളിൽ ആഘോഷിച്ചു. അൾത്താര ശുശ്രൂഷകരുടെ തിരുനാളിനോടനുബന്ധിച്ച് ഫോട്ടോ competition നടത്തി.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ, SMART

# ചെറുപുഷ്പ മിഷൻലീഗ്

## സംസ്ഥാന കലാമത്സരങ്ങൾ

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന മിഷൻ കലോത്സവം 'പ്രേഷിത വർണ്ണങ്ങൾ' 2023 നവംബർ 11ന് മൂവാറ്റുപുഴ വിശ്വ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽ നിന്നും 82 മിഷൻ ലീഗ് അംഗങ്ങൾ അതിൽ സംബന്ധി ക്കുകയും ജൂനിയർ ഗേൾസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേ ടി. കലാസാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയികളാവുക യും ചെയ്ത എല്ലാ മിഷൻ ലീഗ് അംഗങ്ങളെയും അഭിനന്ദിക്കുകയും ഇതിനായി അവരെ ഒരുക്കിയ എല്ലാവർക്കും നന്ദിയും അറിയിക്കുന്നു.

സംസ്ഥാന കലോത്സവത്തിന് ഒരുക്കമായി നവംബർ അഞ്ചാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ താമരശ്ശേരി അൽഫോൻസ സ്കൂളിൽ വച്ച് ഒരു ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുകയും പ്രഗൽഭരായ വ്യക്തികൾ ട്രെയിനിങ് പ്രോഗ്രാമിന് നേതൃത്വം കൊടു ക്കുകയും ചെയ്തു.

## സകല മരിച്ചവരുടെയും ഓർമ്മദിനം

നവംബർ 2ന് സകല മരിച്ചവരുടെയും ഓർമ്മ തിരുനാൾ ദിന ത്തിൽ കുഞ്ഞു മിഷനറിമാർ വിശുദ്ധ ബലിയിൽ സംബന്ധിക്കുകയും സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## ജപമാല നിർമ്മാണ മത്സരം

ചെറുപുഷ്പ മിഷൻ ലീഗ്, തിരുബാല സഖ്യം സംഘടനകളിലെ അംഗങ്ങൾക്ക് വേണ്ടി നടത്തിയ ജപമാല നിർമ്മാണ മത്സരത്തിൽ വിജയികളായവർ

1 st- ഇവ മെറിൻ ജോൺ ഇലവുങ്കൽ (മാലാപറമ്പ്)

2 nd- എസ്തർ കുഴിവേലിൽ (കല്ലാനോട്)

3 rd കുളത്തുവയൽ ശാഖ ടീം

## മതാധ്യാപക ദിനം

വിശുദ്ധ ചാൾസ് ബറോമിയോയുടെ തിരുനാൾ ദിനം ശാഖ തല

ങ്ങളിൽ മതാധ്യാപകരെ ആദരിക്കുകയും മതാധ്യാപക ദിനം സമുചിതമായി ആഘോഷിക്കുകയും ചെയ്തു.

**മിശിഹായുടെ രാജ്യത്വതിരുനാൾ**

നവംബർ 26 ഞായറാഴ്ച മിശിഹായുടെ രാജ്യത്വ തിരുനാൾ ശാഖ തലങ്ങളിൽ ആഘോഷിക്കുകയും അന്നേദിനം റാലി നടത്തുകയും ചെയ്തു.

**അറിയിപ്പ്**

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും ചേർന്നൊരുക്കുന്ന FIESTA 2K23 കരോൾ ഗാന മത്സരം 2023 ഡിസംബർ 9 ശനിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ മേരിക്കുന്ന് PMOC യിൽ വച്ച് നടത്തപ്പെടുന്നു. **ഒന്നാം സമ്മാനം 5001രൂപ, രണ്ടാം സമ്മാനം 3001 രൂപ മൂന്നാം സമ്മാനം 2001 രൂപ**

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്

**പുല്ലൂരാംപാറ പ്രോ ലൈഫിന് പുതിയ ഭാരവാഹികൾ**

പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ദേവാലയത്തിൽ വച്ച് നടന്ന ഇടവകയിലെ വലിയ കുടുംബങ്ങളുടെ സംഗമത്തിൽ വച്ച് യൂണിറ്റിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ. സോണി കാരുവേലിൽ, സെക്രട്ടറി പ്രിൻസ് താളനാനി, വൈസ് പ്രസിഡന്റ് ശ്രീമതി ബിൻസി കളത്തൂർ, ട്രഷറർ സ്റ്റാൻലി പ്ലാംപറമ്പിൽ, ജോ. സെക്രട്ടറി ഷൈനി കൊച്ചുവെമ്പള്ളി, രൂപത പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുല്ലൂരാംപാറ പള്ളി വികാരി ഫാ. വിനോയി പുരയിടത്തിൽ മുഖ്യ അഥിതി ആയിരുന്നു. രുപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ പ്രോ– ലൈഫിന്റെ അഭിമുഖത്തിൽ നടത്തുന്ന വിവിധങ്ങളായ പ്രവർ

ത്തനങ്ങളെക്കുറിച്ച് വിവരിച്ചു. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്താൻ സാധിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് പുതിയ ഭാരവാഹികൾ തീരുമാനമെടുത്തു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും ഡയറകടർ ബാഗും കുടയും നൽകി.

**എലിസബത്ത് ഫോറം മീറ്റിംഗ് നടത്തി**

താമരശ്ശേരി മരിയൻ പ്രോ–ലൈഫിന്റെ ഭാഗമായ എലിസബത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഗർഭിണികളുടെ തിരുവാമ്പാടി ഫൊറോന സംഗമം പുല്ലൂരാംപാറ സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടന്നു. മീറ്റിങ്ങിൽ രൂപത പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിൽ അധ്യക്ഷത വഹിച്ചു. പൂല്ലൂരാംപാറ പള്ളി വികാരി ഫാ. വിനോയ് പുരയിടത്തിൽ പരിപാടി ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണവും പ്രാർത്ഥനാ ശുശ്രൂഷയും നടത്തി.

ഗർഭിണികൾ അറിഞ്ഞിരിക്കേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് ഡോ. സി. ജീസ്‌ലെറ്റ് എം.എസ്.ജെ. ക്ലാസ്സെടുത്തു. സി എം സി സന്യാസിനി സഹോദരിമാരും എം എസ് ജെ സഹോദരിമാരും ഗർഭിണികൾക്ക് കൗൺസിലിംഗ് നടത്തി പ്രാർത്ഥിച്ചു. പങ്കെടുത്ത ഗർഭിണികൾക്ക് ഡയറക്ടർ സമ്മാനങ്ങൾ നൽകി. ആനിമേറ്റർ മെറിൻ ജോസ് എസ് എച്ച് സി. റോസ് മേരി സി. എം സി, രൂപത സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങുംതോട്ടത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് പുത്തൻപുര, വിനോദ് വെട്ടത്തിൽ, തങ്കച്ചൻ പുരയിടത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി.. തിരുവാമ്പാടി ഫൊറോനയിലെ വിവിധ പള്ളികളിൽ നിന്നും നിരവധി ഗർഭിണികൾ സംഗമത്തിൽ പങ്കെടുത്തു.

**മക്കളില്ലാത്ത ദമ്പതിമാരുടെ സമ്മേളനം (സാറാസ് കപ്പിൾസ് ഫോറം)**

താമരശ്ശേരി മരിയൻ പ്രോ–ലൈഫിന് നിങ്ങൾ നൽകിവരുന്ന എല്ലാ സഹായങ്ങൾക്കും സഹകരണത്തിനും പ്രത്യേകം നന്ദി പറയുന്നു തുടർന്നും സഹകരിക്കുമല്ലോ. പ്രോ–ലൈഫിന്റെ ഭാഗമായ മക്കളില്ലാത്ത ദമ്പതിമാരുടെ സംഘടനയായ സാറാസ് കപ്പിൾസ് ഫോറത്തിന്റെ രൂപതാതല സമ്മേളനം ഈ വരുന്ന ഡിസംബർ 9 രണ്ടാം ശനിയാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വച്ച് നടത്തുന്നു. പ്രോഗ്രാമിൽ വി. കുർബാന മാർ റെമീജിയോസ് ഇഞ്ചനാനിയിലും ആന്തരിക സൗഖ്യ ശുശ്രൂഷ ഫാ. മരിയദാസ് കപ്പൂച്ചിനും ക്ലാസ്സ് ഡോ. സ്മൃതി എം.എസ്.ജെ യും നിർവഹിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## Institute of Counseling & Psychotherapy (JPI)

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്, സമൂഹത്തിന്റെ വിവിധ തുറകളിലുള്ള ജനങ്ങളുടെ മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും അവർ അഭിമുഖീകരിക്കുന്ന ജീവിത  പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ആരോഗ്യപരമായി നേരിടുവാൻ അവരെ സന്നദ്ധരും ശക്തരുമാകുന്നതിനുമായി അക്ഷീണം പ്രവർത്തിക്കുന്നു. പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന കൗൺസിലിംഗ് സേവനം, ജാതിമത ഭേദമന്യേ  മാനസികാരോഗ്യം ആവശ്യമുള്ള വിവിധ സംസ്കാരങ്ങളിൽ ജീവിക്കുന്ന സകലർക്കും സംലഭ്യമാണ്. ചെയ്യുന്ന സേവനങ്ങളിൽ 90% സൗജന്യവുമാണ്. ഡയറക്ടർ ഫാദർ കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ  ഓൺലൈൻ ആയും ഓഫ്ലൈൻ ആയും കൗൺസിലിംഗ് നടത്തപ്പെടുന്നു.

കൗൺസിലിംഗ് രംഗത്തേക്ക് പുതു തലമുറയെ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മാസ്റ്റേഴ്സ് ഇൻ കൗൺസിലിംഗ് സൈക്കോളജി പ്രോഗ്രാം വളരെ ഫലപ്രദമായും സജീവമായും മുന്നോട്ടു പോകുന്നു. ഇന്ത്യക്കു അകത്തും പുറത്തുമുള്ള  നിരവധി  പ്രൊഫെഷണൽസ ഓഫ് ലൈൻ – ഓൺലൈൻ ബാച്ചുകളിൽ ചേർന്ന് കൗൺസിലിംഗ് സൈക്കോളജിയിൽ മാസ്റ്റേഴ്സ് പ്രോഗ്രാം ചെയ്യുന്നു. 2023 അധ്യയന വർഷത്തിലെ ക്ലാസ്സുകൾ ആരംഭിച്ചു.

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ കൗൺസിലിംഗിന് താല്പര്യമുള്ളവർ താഴെക്കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. Contact No: 9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട്

# ആൽഫ മരിയ അക്കാദമി

**കർണാടക കോമൺ എൻട്രൻസ് ടെസ്റ്റ് (KCET)**

**കോച്ചിംഗ് പ്രോഗ്രാം**

അടുത്ത വർഷം മുതൽ കർണാടകയിൽ വിവിധ എൻട്രൻസ് പരീക്ഷകൾ നിർബന്ധമാക്കിയിരിക്കയാണ്. പ്രത്യേകിച്ച് നഴ്സിംങ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷ നിർബന്ധമാക്കും. കേരളത്തിലും നഴ്സിംഗ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷ നിർബന്ധമാക്കിയിട്ടുണ്ട്.

ഈ അവസരത്തിൽ എൻട്രൻസ് പരീക്ഷ പാസാകാനും നഴ്സിംങിനും മറ്റ് കോഴ്സുകൾക്കും അഡ്മിഷൻ നേടാനും താമരശ്ശേരി രൂപതയുടെ തുടർ വിദ്യാഭ്യാസ സംരംഭമായ എൽ ഡി എസും ആൽഫ മരിയ അക്കാദമിയും ചേർന്ന് അവസരമൊരുക്കുന്നു.

ശനി, ഞായർ ദിവസങ്ങളിൽ 2 മണിക്കൂർ വീതം ആഴ്ചയിൽ 4 മണിക്കൂർ ഓൺലൈൻ ക്ലാസ് ഉണ്ടായിരിക്കും. ഇപ്രകാരം 10 ആഴ്ച 40 മണിക്കൂർ ഓൺലൈൻ ക്ലാസും ദിവസം 5 മണിക്കൂർ വീതം 2 ദിവസം 10 മണിക്കൂർ ഓഫ്ലൈൻ ക്ലാസും ഉൾപ്പെടെ ആകെ 50 മണിക്കൂർ പ്രോഗ്രാമാണ് ഇത്. ഡിസംബർ മാസം ആരംഭിക്കും.

+2 സയൻസ് സിലബസ് അടിസ്ഥാനമാക്കിയുള്ള ഈ ട്രയിനിംഗ് പ്രോഗ്രാം +2 പരീക്ഷയുടെ ഒരുക്കത്തിനും ഉപകരിക്കും. കൂടാതെ KEAM, NEET പരീക്ഷകൾക്കും ഈ ട്രയിനിംഗ് പ്രോഗ്രാം സഹായകരമായിരിക്കും.

ഈ കോച്ചിംഗ് പ്രോഗ്രാമിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഉടൻ തന്നെ എൻട്രൻസ് കോച്ചിംഗ് എന്നെഴുതി പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ കൂടി ചേർത്ത് 9544285018 എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ചെയ്യുക. നിങ്ങളുടെ സീറ്റുകൾ ഉടൻ ഉറപ്പാക്കുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# അൽഫോൻസ കോളേജ് തിരുവമ്പാടി

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 03.11.2023 വെള്ളിയാഴ്ച ജീസസ് യൂത്ത് വിദ്യാർത്ഥികൾക്കായി കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തി. കോളേജിലെ മുഴുവൻ ക്രിസ്ത്യൻ വിദ്യാർത്ഥികളും, അധ്യാപകരും കുമ്പസാരിക്കുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു. ഫാ. ഷിജു മാത്യു വിശുദ്ധ ബലി അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ഫസ്റ്റ് ഇയർ വിദ്യാർത്ഥികളെ കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് ആഗസ്റ്റിൻ വെഞ്ചിരിച്ച കാശുരൂപവും ജപമാലയും പ്രാർത്ഥന ബുക്കും ഈശോയുടെ ഫോട്ടോയും നൽകി കോളേജ് ജീസസ് യൂത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് കോർ ടീം മെമ്പേർസ് fellowship gathering നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. Calicut Campus Responsibility (ccr) കോർഡിനേറ്റർ എയ്ഞ്ചല, ചകം ജീസസ് യൂത്ത് അംഗങ്ങളായ മാത്യു, ജോർജ് എന്നിവരുടെ സാന്നിധ്യവും ശുശ്രൂഷയെ കൂടുതൽ മനോഹരമാക്കി.

**യൂണിയൻ തിരഞ്ഞെടുപ്പ് നടന്നു**

പാർലമെന്ററി മോഡലിൽ അൽഫോൻസ കോളേജ് തിരുവമ്പടിയിൽ നടന്ന തിരഞ്ഞെടുപ്പിൽ ചെയർമാനായി മൂന്നാംവർഷ ബി.കോം വിദ്യാർത്ഥിയായ അർഷിൻ സിബി ജോസ്, വൈസ് ചെയർപേഴ്സനായി മൂന്നാം വർഷ ബി. കോം വിദ്യാർത്ഥിയായ ലിനറ്റ് തങ്കച്ചൻ, ജനറൽ സെക്രട്ടറി രണ്ടാം വർഷ സൈക്കോളജി വിദ്യാർത്ഥിയായ ഡോൺ കെ. തോമസ്, ജോയിൻ സെ ക്രട്ടറിയായി മൂന്നാം വർഷം ബികോം വിദ്യാർത്ഥിയായ ദിയ ലക്ഷ്മി, ഫൈൻ ആർട്സ് സെക്രട്ടറി മൂന്നാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിയായ രാഹുൽ കെ, ജനറൽ ക്യാപ്റ്റനായി രണ്ടാംവർഷ ഇംഗ്ലീഷ് വിദ്യാർത്ഥിയായ അലൻ വി. ജേക്കബ് യു സി ആയി രണ്ടാംവർഷ ബി. ബി. എ വിദ്യാർത്ഥിയായ ജുനൈദ് എം മാഗസിൻ എഡിറ്ററായി രണ്ടാം വർഷ ബികോം വിദ്യാർത്ഥിയായ സാലിഹ നാസർ എന്നിവർ

തിരഞ്ഞെടുത്തു. വളരെ മാതൃകപരമായും സമാധാനപരമായും നടന്ന തിരഞ്ഞെടുപ്പിന് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ, റിട്ടേനിംഗ് ഓഫീസർ റോബിൻ സേവിയർ എന്നിവരും മറ്റ് സ്റ്റാഫംഗങ്ങളും നേതൃത്വം നൽകി.

**ഓമ്രെന്റ 2023 കൊമേഴ്സ് ഫെസ്റ്റ് നടത്തി**

ഓമ്രെ ന്റ 2013 കോമേഴ്സ്ഫെസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പൽ ഫാ. ഷനീഷ് അഗസ്റ്റിൻ, കോമേഴ്സ് വിഭാഗം മേധാവി സാനി തോമസ് ആൽബിന തോമസ് എന്നിവർ പ്രസംഗിച്ചു. ഇ ഡി ഗെ യിം, മാനേജ്മെൻറ് ക്വിസ്, ഐപിഎൽ ഓക്ഷൻ, ഫാഷൻ ഷോ, ഷൂട്ടൗട്ട്, ഫിറ്റ്ന സ് ഗെയിം, സ്പോട്ട് ഡാൻസ് എന്നീ ഇനങ്ങളിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് തല മത്സരമാണ് നടത്തിയത്. ശ്രീ. ദീപേഷ്കെ, അമെൻറ ഷാജി, സെബിൻ തോമസ്, ഷിജി ഫ്രാൻസിസ്, ട ടോണി സാന്റി എന്നിവർ വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. ഇ ഡി ഗെയിം, ബിസിനസ് ക്വിസ്, ഐ.പി.എൽ ഓക്ഷൻ, ഫാഷൻ ഷോ, ഷൂട്ടൗട്ട്, ഫിറ്റ്നസ്ഗെയിം, സ്പോട്ട് ഡാൻസ് എന്നീ മത്സരങ്ങളാണ് ഫെസ്റ്റിന്റെ ഭാഗമായി നടന്നത്. ഐ.പി. എൽ ഓക്ഷനിൽ അഖിൽ & ടീം ഒന്നാംസ്ഥാനവും ജിഷ്ണു & ടീം രണ്ടാം സ്ഥാനവും നേടി. ഇ.ഡി ഗെയിമിൽ ബോണി & ആശിർവാദ് ടീം ഒന്നും ആൽബിൻ ബജിൽസൺ & ഹരികൃഷ്ണൻ ടീം രണ്ടും സ്ഥാനങ്ങൾ നേടി. ബിസിനസ് ക്വിസിൽ രജത് & അൻസൽ ഒന്നാമതും ഷൽവിൻ സജി & ഷാരോൺ ടീം രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

**രക്തദാന ക്യാമ്പ്നടത്തി**

കോളജിലെ എൻഎസ്എസ് യൂണിറ്റ് എം വി ആർ ക്യാൻസർ സെന്റർ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. കോളേജ് മാനേജരും കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറുമായ റവ. ഫാ. സ്കറിയ മങ്കരയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ച ഉദ്ഘാടന യോഗത്തിൽ എം വി ആർ സീനിയർ കൺസൾട്ടന്റ് ഡോ. നിതിൻ ഹെൻറി രക്തദാതാക്കൾക്കായുള്ള ഓറിയൻറേഷൻ ക്ലാസ് നയിച്ചു. അധ്യാപകരോടും കോളേജിലെ എഴു പ

തോളം വിദ്യാർത്ഥികളോടൊപ്പം പൊതുജനങ്ങളിൽ നിന്നും ഗള്ഫ സംഘടനയിൽ നിന്നുമുള്ള അംഗങ്ങളും രക്തദാനം നടത്തി. ഒയിസ്ക സൗത്ത് ഇന്ത്യൻ സെക്രട്ടറി മിസ്റ്റർ കെ ടി സെബാസ്റ്റ്യൻ, എൻ എസ്എസ് പോഗ്രാം ഓഫീസർ മിസ്റ്റർ ജോസഫ് പി സി, ആശ്രിത ടി കെ എന്നിവർ സംസാരിച്ചു. സ്റ്റാഫ് അംഗങ്ങളായ ലിതിൻ മാത്യു, മിസ് അനു ആന്റണി, ജോജോ കുര്യൻ, ഷീബ മോൾ ജോസഫ്, വിദ്യാർത്ഥി പ്രതിനിധികളായ ജുനൈദ് എം എം, സാലിഹ നാസർ, അലൻ വി ജേക്കബ് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

**കരനെൽ കൃഷിയുടെ വിളവെടുപ്പ് നടത്തി**

തിരുവമ്പാടി അൽഫോൻസ കോളേജിൽ എൻ എസ് എസ് വളന്റിയർമാർ നാളേക്കൊരു കതിർ എന്ന പദ്ധതിയുടെ ഭാഗമായി നടത്തിയ കരനെൽ കൃഷിയുടെ വിളവെടുപ്പ് നടത്തി. കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ജോസഫ് പി. സി. സ്റ്റുഡന്റ് കോർഡിനേറ്റർ ജുനൈദ്, സാലിഹ നാസർ എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ അൻപത് എൻ എസ്എസ് വളന്റിയർമാർ പങ്കാളികളായി.

വിത്ത് സുരക്ഷയിലൂടെ ഭക്ഷ്യസുരക്ഷയിലേക്ക് എന്ന മുദ്രാവാക്യവുമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി 270 ഇനം വിത്തുകൾ ശേഖരിച്ച് വിവിധ കോളേജുകളിലെ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ മാസത്തിൽ ആരംഭിച്ച പദ്ധതിയുടെ വിളവെടുപ്പാണ് നടന്നത്.

**റവ. ഫാ. സ്കറിയ മങ്കരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# കത്തോലിക്കാ കോൺഗ്രസ്

**കത്തോലിക്ക കോൺഗ്രസ് യൂത്ത് വാക്ക് വിത്ത് മദർ തെരേസ 2K23 ദശദിന കാരുണ്യോത്സവം**

ജീവകാരുണ്യ പ്രവർത്തന രംഗത്തെ മദർ തെരേസയുടെയും ക്രൈസ്തവ സമൂഹത്തിന്റെയും വിലയേറിയ സേവനങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും പ്രവർത്തനങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുന്ന വിധത്തിലുള്ള ഒരു പൊതുബോധം സൃഷ്ടിക്കാനും ലക്ഷ്യം വെച്ച് കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജീവകാരുണ്യ സ്ഥാപനങ്ങൾ സന്ദർശിച്ചു സഹായം നൽകുന്ന പദ്ധതിയാണ് യൂത്ത് വാക്ക് വിത്ത് മദർ തെരേസ. ഇതിന്റെ രണ്ടാം വർഷത്തെ പ്രവർത്തനത്തിന്റെ രൂപതാതല ഉദ്ഘാടനം താമരശ്ശേരി രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു.

മുക്കം സാൻജോ ഭവനിൽ നടന്ന യോഗത്തിൽ രൂപതാ പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷതവഹിച്ചു. പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ജീവകാരുണ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായം നൽകുന്ന കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ പദ്ധതി വലിയ മാതൃക നൽകുന്നു എന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞു. മദർ തെരേസയുടെ ജന്മദിനമായ ഓഗസ്റ്റ് 26 മുതൽ തിരുനാൾ ദിനമായ സെപ്റ്റംബർ 5 വരെയുള്ള 10 ദിവസങ്ങളിലാണ് യൂത്ത് വാക്ക് സംഘടിപ്പിച്ചത്. താമരശ്ശേരി രൂപതയിലെ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് യൂത്ത് കൗൺസിൽ അംഗങ്ങൾ സഹായഹസ്തവുമായി കടന്നു ചെന്നു.

യൂത്ത് കൗൺസിൽ രൂപത കോർഡിനേറ്റർമാരായ ഷാന്റോ തോമസ്, ജോമോൻ മതിലകത്ത്, അമൽ, സർജു, ജസ്റ്റിൻ, റിജോ എന്നിവർ നേതൃത്വം നൽകി.

**PSC പരിശീലന കളരി**

സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ, മരഞ്ചാട്ടി യൂണിറ്റ് ഡയറക്ടർ ബഹു. ഷെനീഷ്

താന്നിക്കൽ അച്ചന്റെ നേതൃത്വത്തിൽ മരഞ്ചാട്ടി ഇടവകയിലെ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ വേദപാഠം പഠിക്കുന്ന കുട്ടികൾക്ക് 100 മണിക്കൂർ നീണ്ടുനിൽക്കുന്ന PSC പരിശീലന പദ്ധതിക്ക് Sept 2 ന് തുടക്കം കുറിച്ചു.മരഞ്ചാട്ടി ഇടവകയിലെ റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥരും അധ്യാപകരും ഈ പരിശീലന പരിപാടികൾക്ക് TRAINERS ആയി പ്രവർത്തിക്കും.

**ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി മീറ്റിംഗ്**

ഒക്ടോബർ 14ന് കാക്കനാട് മൗണ്ട് സെൻറ് തോമസിൽ വച്ച് നടന്ന ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി മീറ്റിംഗിൽ പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ഷാജി കണ്ടത്തിൽ, ട്രീസ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

National Youth Conference - NYC ഒക്ടോബർ 14,15 തീയതികളിൽ കാക്കനാട് മൗണ്ട് സെൻറ് തോമസിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ സംഘടിപ്പിച്ച NYC യിൽ താമരശ്ശേരി അടക്കം വിവിധ രൂപതകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 70 യൂത്ത് കോർഡിനേറ്റർമാർ പങ്കെടുത്തു.

**അതിജീവന യാത്ര**

Dec 11 മുതൽ Dec 22 വരെ വന്യമൃഗ ശല്യത്തിനുള്ള പരിഹാരം, കാർഷിക ഉൽപ്പന്നങ്ങളുടെ വില തകർച്ച, ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കാസർകോട് മുതൽ തിരുവനന്തപുരം വരെ നടത്തുന്ന അതിജീവന യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. താമരശ്ശേരി രൂപതയിൽ തിരുവമ്പാടി, തോട്ടുമുക്കം, പെരിന്തൽമണ്ണ എന്നിവിടങ്ങളിലാണ് അതുമായി ബന്ധപ്പെട്ട സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നത്.
Kisan Line Training Programme

താമരശേരി രൂപതയുടെ പുതിയ സംരംഭമായ INSTITUTE OF FOOD AND AGRICULURAL ETHICS - IFAE നേതൃത്വം നൽകുന്ന കിസാൻ ലൈൻ എന്ന കർഷക ഹെൽപ് ലൈൻ പദ്ധതിയിലേക്ക് വോളന്റിയർമാരായി കത്തോലിക്ക കോൺഗ്രസിലെ 30 പ്രവർത്തകർ പരിശീലനം നേടി.

**രൂപത എക്സിക്യൂട്ടീവ് യോഗങ്ങൾ**

സെപ്റ്റംബർ 13 ഒക്ടോബർ 3 ,നവംബർ 3, 11, 12 ,19 എന്നീ ദിവസങ്ങളിൽ രൂപത എക്സിക്യൂട്ടീവും സെപ്റ്റംബർ 24 ന് രൂപത ജനറൽ ബോഡിയും നടത്തി.

**കർഷക കടാശ്വാസ കമ്മീഷൻ സഹായം**

ഇതിനോടകം തന്നെ രൂപതയിലെ ഇരുപതിൽ അധികം ആളുകൾക്ക് കത്തോലിക്ക കോൺഗ്രസ് ഹെൽപ് ഡെസ്ക് സഹായത്തോടെ കർഷക കടാശ്വാസം ലഭിച്ചു.

**പ്രവർത്തന ഫ് സമാഹരണവും മെമ്പർഷിപ്പ് ക്യാമ്പയിനും**

സമുദായ സംഘടന എന്ന നിലയിൽ സമുദായത്തിന് കരുത്ത് പകരുന്ന നിരവധി പ്രവർത്തനങ്ങൾ കത്തോലിക്ക കോൺഗ്രസ് താമരശേരി രൂപത സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. സംഘടനയുടെ സുഗമമായ പ്രവർത്തനത്തിന് ഫണ്ട് ആവശ്യമാണ്. അതിനാൽ ഈ മാസം പ്രവർത്തന ഫണ്ട് സമാഹരണത്തിനായി പ്രത്യേകം മാറ്റി വച്ചിരിക്കുന്നു.

ഓരോ യൂണിറ്റിൽ നിന്നും കുറഞ്ഞത് 50 പേരെ ചേർക്കുന്നമെമ്പർഷിപ്പ് കാമ്പയിൻ വളരെ ഊർജ്ജസ്വലമായി മുൻപോട്ടു പോകുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# ഇൻഫാം

## ഇൻഫാമിന് പുതിയ സംസ്ഥാന സമിതി

ഇൻഫാം സംസ്ഥാന സമിതിയുടെ യോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും കാഞ്ഞിരപ്പള്ളി മലനാട് ഡെവലപ്മെന്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയിൽ വച്ച് നടന്നു.

| | | |
|---|---|---|
| ദേശീയ രക്ഷാധികാരി | – | മാർ റെമിജിയോസ് ഇഞ്ചനാനിയിൽ |
| ദേശീയ ചെയർമാൻ | – | ഫാ. തോമസ് മറ്റമുണ്ടയിൽ |
| സംസ്ഥാന പ്രസിഡന്റ് | – | ശ്രീ. ജോസ് എടപ്പാട്ട് |
| സംസ്ഥാന സെക്രട്ടറി | – | ശ്രീ. അഗസ്റ്റ്യൻ പുളിക്കകണ്ടത്തിൽ |
| ട്രഷറർ | – | തോമസ് തുപ്പലഞ്ഞിയിൽ |
| വൈസ് പ്രസിഡന്റ് | – | ശ്രീ. സ്ക്കറിയ നെല്ലംകുഴി |
| ജോയന്റ് സെക്രട്ടറി | – | ശ്രീ. ടോം ചെമ്പകുളം |

## അഭിനന്ദനങ്ങൾ ഭാവുകങ്ങൾ

ഇൻഫാം ബേസ് സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഇൻഫാം താമരശ്ശേരി കാർഷിക ജില്ല പ്രസിഡന്റ് ശ്രീ. അഗസ്റ്റ്യൻ പുളിക്കകണ്ടത്തിന് താമരശ്ശേരി രൂപത ഇൻഫാമിന്റെ എല്ലാവിധ ആശംസകളും ഭാവുകങ്ങളും.

## താമരശ്ശേരി കാർഷിക ജില്ലാ എക്സിക്യൂട്ടിവ് മീറ്റിംഗ്

ഇൻഫാമിന്റെ പതിവ് പോലുള്ള ജില്ലാ എക്സിക്യുട്ടീവ് മീറ്റിംഗ് നവംബർ 25 ന് തെയ്യപ്പാറ അഗ്രി ഫാമിൽ വച്ച് നടന്നു. ജില്ലാ പ്രസിഡന്റ് ശ്രീ. അഗസ്റ്റ്യൻ പുളിക്കകണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. അഗസ്റ്റ്യൻ പുളിക്കകണ്ടത്തിലിനെ യോഗം അഭിനന്ദിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു.

നാളിതുവരെ ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ കർമ്മ പദ്ധതികളെ യോഗം വിലയിരുത്തി. കോടഞ്ചേരിയിൽ വച്ച് നടത്താനിരുന്ന ഇൻഫാം ഫെസ്റ്റ് മാറ്റിവയ്ക്കാനുണ്ടായ സാഹചര്യത്തെ യോഗാദ്ധ്യക്ഷൻ വിശദീകരിച്ചു. പുതിയ യൂണിറ്റുകൾ

സ്ഥാപിക്കേണ്ട അവശ്യകതയെപ്പറ്റി ഡയറക്ടർ യോഗത്തെ പ്രചോദിപ്പിച്ചു. ഭാവിയിൽ നടത്താൻ സാധിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ജില്ലാ സെക്രട്ടറി ജോൺ കുന്നത്തേട്ട് സ്വാഗതവും ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ നന്ദിയും പറഞ്ഞു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

---

# കമ്യൂണിക്കേഷൻ മീഡിയ

## 1. ഫീയെസ്റ്റ കരോൾ ഗാനമത്സരം

കമ്മ്യൂണിക്കേഷൻ മീഡിയയും മിഷൻ ലീഗ് രൂപതാ സമിതിയും സംയുക്തമായി നടത്തി വരുന്ന ഫീയെസ്റ്റ കരോൾ ഗാനമത്സരം ഈ വർഷം ഡിസംബർ 9 ശനിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ പി എംഒസിയിൽ നടക്കും. രജിസ്ട്രേഷൻ ആരംഭിച്ചു. ഒരു ടീമിൽ പരമാവധി 7 പേരും കുറഞ്ഞത് 5 പേരും ഉണ്ടായിരിക്കണം. ഒരു മലയാള ഗാനം മാത്രമാണ് ആലപിക്കേണ്ടത്. ഗാനദൈർഘ്യം ഏഴു മിനിറ്റിൽ കൂടരുത്. മൈക്ക് ഉണ്ടായിരിക്കുന്നതല്ല. വാദ്യോപകരണങ്ങളും ഉപയോഗിക്കാൻ പാടില്ല. ഒന്നാം സ്ഥാനം നേടുന്നവർക്ക് 5001 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 3001 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 2001 രൂപയുമാണ് സമ്മാനം. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും വിളിക്കേണ്ട നമ്പർ

ഫാ. ജോർജ് വെള്ളാരംകാലായിൽ – 7902510633
ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ – 9496124374

## 2. മലബാർ വിഷൻ നവംബർ ഡിസംബർ ലക്കം

രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം 'കുറയുന്ന ക്രൈസ്തവ ജനസംഖ്യ' എന്ന വിഷയമായിരുന്നു മലബാർ വിഷൻ നവംബർ – ഡിസംബർ ലക്കം കവർസ്റ്റോറി എടുത്തത്. കാലിക പ്രസക്തമായ ലേഖനങ്ങളോടൊപ്പം കണക്കുകളുടെ ഗ്രാഫുകളും പ്രസിദ്ധീകരിച്ചു. കവർ സ്റ്റോറിയെക്കുറിച്ച് നല്ല അഭിപ്രായങ്ങളും അഭിനന്ദനങ്ങളും കത്തു മുഖേനയും ഫോൺ വഴിയും ഓഫീസിൽ ലഭിച്ചു. സർക്കാർ ജോലികളെക്കുറിച്ച് രണ്ടു സ്റ്റോറി

കൾ കഴിഞ്ഞ ലക്കത്തിൽ നൽകിയിരുന്നു. കേരളത്തിന്റെ ഐ.എ. എസ് എന്ന് അറിയപ്പെടുന്ന കെഎഎസിനെക്കുറിച്ച് ഈ രംഗത്ത് പരിശീലനം നൽകുന്ന സുബിൻ മാത്യുവും കേന്ദ്ര സർക്കാർ ജോലികളെക്കുറിച്ച് പ്രഫ. ചാർലി കട്ടക്കയവും ലേഖനങ്ങൾ എഴുതി. ഈ രണ്ടു ലേഖനങ്ങളും യുവജനങ്ങൾക്ക് കരിയർ അവബോധം നൽകുന്നവയായിരുന്നു. കൂടാതെ പതിവ് പംക്തികളെക്കുറിച്ചും നല്ല അഭിപ്രായങ്ങൾ ഓഫീസിൽ ലഭിച്ചു. രൂപതാ വാർത്തകളും പ്രധാനപ്പെട്ട ഇടവക വാർത്തകളും പ്രസിദ്ധീകരിച്ചു.

**3. മലബാർ വിഷൻ ഓൺലൈൻ**

അനുദിന വിശുദ്ധർ: ഡിസംബർ 1 മുതൽ അനുദിന വിശുദ്ധരെ പരിചയപ്പെടുത്തുന്ന പംക്തി മലബാർ വിഷൻ ഓൺലൈനിൽ ആരംഭിക്കുന്നു. തലേ ദിവസം വൈകുന്നേരത്തോടെ പിറ്റേ ദിവസത്തെ വിശുദ്ധരെ പരിചയപ്പെടുത്തുന്ന ലേഖനം പ്രസിദ്ധീകരിക്കുന്നതാണ്. ലേഖനത്തിന്റെ ലിങ്ക് വാട്സാപ്പ് ഗ്രൂപ്പിലൂടെ അയയ്ക്കുന്നതാണ്. കൂടാതെ മലബാർ വിഷൻ വാട്സാപ്പ് ചാനലിലും ലിങ്ക് ഷെയർ ചെയ്യുന്നതാണ്.

വാർത്തകൾ: സംഘടനകളുടെയും ഇടവകകളുടെയും നേതൃത്വത്തിൽ നടത്തുന്ന പ്രധാന പരിപാടികളുടെ വാർത്തകൾ മലബാർ വിഷൻ ഓൺലൈനിൽ നൽകാൻ സാധിക്കും. ഇത്തരത്തിൽ പ്രധാന പരിപാടികളുടെ വിവരങ്ങളും വാർത്തയും കൃത്യ സമയത്തു തന്നെ നൽകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

**4. മലബാർ വിഷൻ വരിസംഖ്യ**

മലബാർ വിഷന്റെ പ്രധാന വരുമാന മാർഗം പരസ്യവും വരിസംഖ്യയുമാണ്. വരിസംഖ്യയിൽ കുടിശിക വരുന്നത് മലബാർ വിഷന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. അതു കൊണ്ടു തന്നെ ഈ വർഷത്തെ വരിസംഖ്യ അടയ്ക്കാത്തവർ ഡിസംബർ മാസം തന്നെ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ചില ഇടവകകളിൽ നിന്ന് മുൻ വർഷങ്ങളിലെ വരിസംഖ്യ കൂടി ലഭിക്കാനുണ്ട്. കഴിയുന്നതും ഈ മാസം തന്നെ കുടിശികകൾ തീർക്കാൻ പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അപേക്ഷിക്കുന്നു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

**മേഖല സെനറ്റുകൾ, ഭാരവാഹി തിരഞ്ഞെടുപ്പുകൾ**

വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് മേഖലകളുടെ സെനറ്റ് യോഗങ്ങൾ നവംബർ 17 ന് വിവിധ കേന്ദ്രങ്ങളിൽ വച്ച് നടന്നു. കോടഞ്ചേരി, താമരശ്ശേരി, പാറോപ്പടി മേഖലകളുടെ സെനറ്റ് സമ്മേളനം നവംബർ 24 നും നടന്നു. ബഹു ഭൂരിപക്ഷം യൂണിറ്റുകളിൽ നിന്നും പ്രാതിനിത്യം ഉണ്ടായിരുന്നു. വിലങ്ങാട് മേഖലയിൽ ചുരം ഒഴിവാക്കി വയനാട് കുഞ്ഞോം പ്രദേശത്തേക്ക് എത്തുന്ന ബദൽ റോഡിനായി പ്രമേയം പാസാക്കി.

**ടാസ്ക്ഫോഴ്സ് സെൻട്രൽ റീജിയൺ മീറ്റ് & വർക്ക് ക്യാമ്പ്**

നവംബർ 26 ന് പുല്ലാഞ്ഞിമേട് യേശുഭവനിൽ വെച്ച് ടാസ്ക് ഫോഴ്സ് സെൻട്രൽ റീജിയൺ വർക്ക് ക്യാമ്പും സെൻട്രൽ റീജിയൺ മീറ്റിങ്ങും നടന്നു. വയോജനങ്ങളായ അന്തേവാസികൾ താമസിക്കുന്ന ഈ സ്ഥാപനത്തിന്റെയും പരിസരത്തിന്റെയും ക്ലീനിങ്ങും കമ്പിവേലി നിർമ്മാണവും വിറക് ശേഖരണവും ആണ് അന്നേ ദിവസം നടത്തിയത്. 12 ന് ചേർന്ന യോഗത്തിൽ ടാസ്ക് ഫോഴ്സ് ശക്തീകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു. കോടഞ്ചേരി, താമരശ്ശേരി, പാറോപ്പടി, തിരുവമ്പാടി മേഖലകളിലെ ഇരുപത്തഞ്ചോളം യുവജനങ്ങളാണ് പങ്കെടുത്തത്.

**സാന്താ സോയ്രെ- കമ്മറ്റി രൂപീകരണം**

ഡിസംബർ 29 വെള്ളിയാഴ്ച ക്രിസ്മസ് പ്രഘോഷണ റാലി സംബന്ധിച്ച് കമ്മറ്റി രൂപീകരണം നടത്തി. പബ്ലിസിറ്റി, ഫിനാൻസ്, ഫുഡ്, ഡെക്കറേഷൻ, പ്രോഗ്രാം, ഡിസിപ്ലിൻ, പാർക്കിങ് എന്നിവയ്ക്കായി കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**സംസ്ഥാന രചന മത്സരം**

നവംബർ 4, 5 തിയ്യതികളിലായി സംസ്ഥാനതല രചന മത്സരങ്ങൾ നടന്നു. രൂപതയിൽ നിന്നും പത്ത് ഇനങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട 20 യുവജനങ്ങൾ പങ്കെടുത്തു. കലോത്സവം കോ–ഓർഡിനേറ്റർ അലീന മാത്യു നേതൃത്വം നൽകി. കലാമത്സരങ്ങളിൽ ഇത്തവണ വ്യക്തിഗത

ഇനങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഗ്രൂപ്പ് ഇനങ്ങളിൽ ഷോർട്ട് ഫിലിം മത്സരം മാത്രം ഉൾപ്പെടുത്തിയിട്ടുണ്ട്.

**അറിയിപ്പുകൾ**

**1. സാന്താ സോയ്രേ – ക്രിസ്മസ് പ്രഘോഷണ റാലി, ഡിസംബർ 29 ന്**

2023 ഡിസംബർ 29 വെള്ളിയാഴ്ച താമരശ്ശേരി ടൗണിൽ ആയിരക്കണക്കിന് പാപ്പാമാരെ അണിനിരത്തുന്ന ക്രിസ്മസ് പ്രഘോഷണ റാലിയും യുവജനസംഗമവും പൊതുസമ്മേളനവും മ്യൂസിക് ഫെസ്റ്റും സംഘടിപ്പിക്കുന്നു. രൂപതയുടെ സിരാകേന്ദ്രമായ താമരശ്ശേരിയിൽ ക്രൈസ്തവ സാനിധ്യം അറിയിക്കാനും യുവജനങ്ങളെ ശാക്തീകരിക്കാനും ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. 2022 ൽ ആരംഭിച്ച ഈ പരിപാടി എല്ലാ വർഷവും നടത്തുവാൻ എല്ലാ വികാരിയച്ചൻമാരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. ബിഷപ്സ് ഹൗസ് കോംബൗണ്ടിൽ വൈകിട്ട് നാല് മണിക്ക് പൊതുസമ്മേളനത്തോടെ പരിപാടി ആരംഭിക്കുന്നു. തുടർന്ന് ക്രിസ്മസ് പ്രഘോഷണ റാലി താമരശ്ശേരി ടൗണിലേക്ക് മേഖല അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. തിരികെ ബിഷപ്സ് ഹൗസിൽ എത്തിച്ചേർന്ന് ഭക്ഷണത്തിന് ശേഷം മ്യൂസിക് ബാൻഡ് ഷോയോടുകൂടെയാണ് പരിപാടി അവസാനിക്കുക. എല്ലാ ഇടവകകളിൽ നിന്നും പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്ന എല്ലാവരും പാപ്പ ഡ്രസ് ധരിച്ച് എത്തേണ്ടതാണ്.

**2. പാപ്പാ ഡ്രസ്സുകൾ വിതരണം ചെയ്യുന്നു**

ക്രിസ്തുമസ് പാപ്പ ഡ്രസ്സുകൾ ഓർഡർ അനുസരിച്ച് വിതരണം നടത്തുന്നു. അലക്കി ഉപയോഗിക്കാവുന്ന ജഴ്സി മറ്റീരിയലിൽ തയ്യാറാക്കുന്ന ഡ്രസ്സുകൾ 34 മുതൽ 46 വരെ സൈസുകളിൽ ലഭ്യമാണ്. കെ സി വൈ എം യൂണിറ്റ് മുഖേന ഓർഡർ എടുക്കുന്നവർക്ക് സ്പെഷ്യൽ ഡിസ്കൗണ്ട് ലഭിക്കുന്നതാണ്. 250 രൂപമുതൽ – 280 രൂപവരെയാണ് നിരക്കുകൾ.

**3. ക്രിസ്തുമസ് യൂത്ത് കൺഫെഷൻ**

കുമ്പസാരിക്കാത്ത യുവജനങ്ങളുടെ എണ്ണം കൊറോണ കാലഘട്ടത്തിന് ശേഷം വർദ്ധിച്ചിട്ടുണ്ട്. ക്രിസ്തുമസിനോട് അനുബന്ധിച്ച് ഡിസംബർ 24 ന് വിവിധ ഇടവകകളിലും മേഖലകളിലും യൂത്ത് കൺഫെഷൻ

വേദികൾ സജ്ജീകരിക്കാൻ ആഗ്രഹിക്കുന്നു. യുവജനങ്ങൾക്ക് സമയം എടുത്ത് കുമ്പസാരിക്കാനും അവരുടെ പ്രശ്നങ്ങളെയും പാപങ്ങളെയും കുറിച്ച് മനസിലാക്കാനും മാനസാന്തരത്തിലെത്താനും ഉപകരിക്കുന്ന രീതിയിലാണ് ഇത്തരം വേദികൾ ക്രമീകരിക്കുന്നത്. ഇക്കാര്യത്തെ സംബന്ധിച്ച് യുവജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ സഹായം അഭ്യർത്ഥിക്കുന്നു. പരമാവധി കോൺഗ്രിഗേഷൻ വൈദികരെ ഉൾപ്പെടുത്തികൊണ്ടാണ് കുമ്പസാര വേദികൾ ക്രമീകരിക്കുക. തുടർന്ന് ഈസ്റ്റർ, പൂജ അവധി ദിവസങ്ങൾ, ഓണാവധി ദിവസങ്ങൾ എന്നീ സമയങ്ങളിലും യൂത്ത് കൺഫെഷൻ വേദികൾ സജ്ജീകരിക്കാൻ ആഗ്രഹിക്കുന്നു. യുവജനങ്ങളുടെ ഇടയിൽ കുമ്പസാരിക്കാനുള്ള താത്പര്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് പ്രൊമോഷൻ വീഡിയോയും പ്രസിദ്ധികരിക്കുന്നതാണ്.

**4. താമരക്കൂട്ടം**

വിദേശരാജ്യങ്ങളിൽ പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന യുവജനങ്ങളെ ഏകോപിപ്പാക്കാനും നയിക്കാനും സഹായിക്കാനുമായി രൂപീകരിച്ചിരിക്കുന്ന കൂട്ടായ്മയാണ് താമരക്കൂട്ടം. യുകെ ആസ്ഥാനമാക്കി താമരക്കൂട്ടത്തിന്റെ പ്രവർത്തനം നവംബർ മാസത്തിൽ ആരംഭിച്ചു. 25 താമരശ്ശേരി രൂപതാംഗങ്ങളായ യുവജനങ്ങളുടെ കൂട്ടായ്മയാണ് രൂപീകരിച്ചിരിക്കുന്നത്. യുവജനങ്ങളുടെ ആത്മീയ പുരോഗതിക്കു വേണ്ട സഹായങ്ങൾ നൽകുക, ഒരുമിച്ചുള്ള പ്രാർത്ഥനാ വേദികൾ സംഘടിപ്പിക്കുക, ആശയ സംവേദനം നടത്തുക, രൂപതയും സഭയുമായുള്ള ബന്ധം നിലനിർത്തുക, പ്രായോഗിക ആവശ്യങ്ങളിൽ സഹായിക്കുക എന്നിവയാണ് ഈ കൂട്ടായ്മകളുടെ ലക്ഷ്യം. പ്രാഥമിക മീറ്റീങ് ഡിസംബർ ആദ്യ വാരത്തിൽ നടക്കും.

**5. റൂബി ജൂബിലി – യൂത്ത് ഫോർമേഷൻ**

രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് യുവജനങ്ങളുടെ ഫോർമേഷൻ പദ്ധതി രൂപീകരിക്കുന്നു. ഇടവക തലത്തിൽ ആരംഭിച്ച്, തുടർന്ന് തിരഞ്ഞെടുക്കപ്പെടുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ട് റീജിയണൽ തലത്തിലും തുടർന്ന് ഏപ്രിൽ മാസത്തോടെ രൂപത തലത്തിലും അവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരെ മിഷൻ പ്രവർത്തന മേഖലയിലേക്കും എത്തിക്കുന്ന പദ്ധതിയാണിത്. വിശ്വാസ സ്ഥിരീകരണം, കത്തോലിക്കാ പ്രബോധനങ്ങൾ, ക്രൈസ്തവ ധാർമ്മികത, ബൈബിൾ

വിശദീകരണങ്ങൾ, വിശ്വാസ പ്രഘോഷണം തുടങ്ങി വിവിധ തലത്തിലുള്ള യുവജനങ്ങളുടെ വളർച്ചയാണ് ലക്ഷ്യമിടുന്നത്. 2026 റൂബി ജൂബിലിവർഷം ആകുമ്പോഴേക്കും വിശ്വാസത്തിന്റെ കാവലാളായി യുവജനങ്ങളെ അണിനിരത്താൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
കെ.സി.വൈ.എം - എസ്.എം.വൈ.എം

# എയ്ഡർ എഡ്യൂക്കെയർ

**വിദ്യാപീഠം എൻറോളിങ്**

എഡ്യൂക്കേഷൻ പ്ലാറ്റ് ഫോമായ വിദ്യാപീഠത്തിലേക്ക് എൻ റോളി നടന്നുകൊണ്ടിരിക്കുന്നു. 2021 ൽ നടത്തിയ സർവ്വേ ഇൻ പ്രോഗ്രസ്, ഹോൾഡ്, നോട്ട് ഇൻട്രസ്റ്റഡ് തുടങ്ങി പൂർത്തിയാക്കാത്ത വീടുകളുടെ ഡാറ്റാ ശേഖരണം പൂർത്തിയാക്കിയ ശേഷമേ ഈ വീടുകളിലെ കുട്ടികൾക്ക് മുന്നോട്ട് പോകാനാകൂ. ഇതിനായി ഈ വീട്ടുകളുമായി ബന്ധപ്പെടുന്നതായിരിക്കും. വിദ്യാപീഠത്തിലേക്ക് പ്രവേശിക്കാനുള്ള മാനദണ്ഡങ്ങൾ അടങ്ങുന്ന വീഡിയോ, റൈറ്റ് അപ്പ്, ലിങ്ക് എന്നിവ വിവിധ ഫൊറോനകളിൽ നൽകി തുടങ്ങിയിട്ടുണ്. ആവേശത്തോടെയുള്ള പ്രതികരണം കുട്ടികളിൽ നിന്ന് ലഭിക്കുന്നു.

**ഇടവക വിസിറ്റ്**

കോടഞ്ചേരി, പുല്ലൂരാംപാറ, തിരുവമ്പാടി, പുഷ്പഗിരി, കൂരാച്ചുണ്ട് എന്നീ ഇടവകകളിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ കാണുകയും എയ്ഡ്ർ എഡ്യു - കെയറുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുകയും സംശയനിവാരണം നടത്തുകയും വിദ്യാപീഠം എൻറോളിങ് പ്രൊസസ്സ് അവതരിപ്പിക്കുകയും ചെയ്തു. ഇടവകകളിൽ കുട്ടികളുമായി സംസാരിക്കാൻ ബഹു. വികാരിയച്ചൻമാർ അവസരം ഒരുക്കുമല്ലോ.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

നവംബർ മാസം പതിനെട്ടാം തീയതി ഓസനാം ഭവനിൽ ചേർന്ന താമരശ്ശേരി സെൻട്രൽ കൗൺസിൽ യോഗത്തിൽ ആത്മീയ ഉപദേഷ്ടാവ് ബഹുമാനപ്പെട്ട തോമസ് നാഗപറമ്പിൽ അച്ചൻ പങ്കെടുത്തു. അച്ചന്റെ സാന്നിധ്യവും വചന സന്ദേശവും എല്ലാവർക്കും ആത്മീയ ഉണർവ് പ്രധാനം ചെയ്യുന്നതായിരുന്നു.

താമരശ്ശേരി സെൻട്രൽ കൗൺസിൽ 2024 വർഷത്തെ കലണ്ടർ അച്ചടിച്ച് രൂപതയിലെ എല്ലാ കോൺഫറൻസുകളിലും നവംബർ പകുതിയോടെ രൂപതയിലെ എല്ലാ വീടുകളിലും കലണ്ടർ വിതരണം പൂർത്തിയായി.

കൂടാത്തായി ലൂർദ് മാതാ കോൺഫറൻസിലെയും ചിപ്പിലിത്തോട് സെന്റ് മേരീസ് കോൺഫറൻസിലെയും അംഗങ്ങൾ യേശുഭവൻ സന്ദർശിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തു.

പുതുപ്പാടി സെന്റ് ജോർജ് കോൺഫറൻസ് എല്ലാ മാസവും 1500 രൂപയുടെ ഭക്ഷണ കിറ്റ് അർഹതപ്പെട്ട പത്തു കുടുംബങ്ങൾക്ക് നൽകിവരുന്നു.

കാക്കവയൽ സെന്റ് അൽഫോൻസാ കോൺഫറൻസിന്റെ പുതിയ പ്രസിഡണ്ടായി ബ്രദർ ഷിനോജ് സെബാസ്റ്റ്യൻ പിണക്കാട്ടിനെയും പുതുപ്പാടിസെന്റ് ജോർജ് കോൺഫറൻസിന്റെ പ്രസിഡന്റായി ബ്രദർ സെബാസ്റ്റ്യൻ തോപ്പിലിനെയും ദേവഗിരി സെന്റ് ഡൊമിനിക് സാവിയോ കോൺഫറൻസിന്റെ പുതിയ പ്രസിഡണ്ടായി ബ്രദർ തെറ്റിയിൽ പാപ്പച്ചനെയും തെരഞ്ഞെടുത്തു.

കാലാവധി പൂർത്തിയാക്കിയ എസി പ്രസിഡണ്ട് മാർക്ക് പകരമായി കരുവാരക്കുണ്ട് എസിയിൽ ബ്രദർ ജെയിംസ് പനക്കലും മലപ്പുറം എസിയിൽ ബ്രദർ ജോയ് വടക്കുംപാടനും പ്രസിഡണ്ടുമാരായി തെരഞ്ഞെടുത്തു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**

CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

ഒക്ടോബർ 20ന് പെരിന്തൽമണ്ണ അൽഫോൻസ ദൈവാലയത്തിൽ വെച്ച് ജൂബിലി ഒരുക്ക സഹസ്രദിന ഉപവാസ പ്രാർത്ഥന നടന്നു. ശ്രീ. പൗലോസ് ചീരംകുന്നേലിന്റെയും ശ്രീ. ആന്റണി സാറിന്റെയും നേതൃത്വത്തിലുള്ള സബ്സോൺ സർവ്വീസ് ടീം അംഗങ്ങളും സബ്സോണിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള അംഗങ്ങളും പ്രാർത്ഥനയിൽ പങ്കെടുത്തു. സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ കോ–ഓർഡിനേറ്റർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഉച്ചയ്ക്ക് 12 മണിക്ക് സബ്സോൺ ആനിമേറ്റർ ഫാ.ആന്റണി കാരിക്കുന്നേൽ വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നൽകി. സോണൽ കോ–ഓർഡിനേറ്റർ ശ്രീ സാജൻ അറക്കപ്പറമ്പിലിന്റെ നന്ദി പ്രകാശനത്തോടെ മൂന്ന് മണിക്ക് കൂട്ടായ്മ അവസാനിച്ചു.

മലപ്പുറം സബ്സോണിൽ (യുവജനങ്ങൾക്കായി ഒക്ടോബർ 22 മുതൽ 24 വരെ കോ–ഓർഡിനേറ്റർ ഷാജി അരിക്കത്തിലിന്റെയും സബ്സോൺ സേവന സമിതിയുടെയും നേതൃത്വത്തിൽ ധ്യാനം നടത്തി. കടലുണ്ടി എൽറൂഹാ ധ്യാന കേന്ദ്രത്തിൽ വെച്ച് ഫാ. റാഫേൽ കോക്കാടനും ടീം അംഗങ്ങളുമാണ് ധ്യാനം നയിച്ചത്. മലപ്പുറം സബ്സോണിൽ നിന്നും അൻപത് യുവജനങ്ങളും, മറ്റ് ഇടവകകളിൽ നിന്നുമായി 163 പേർ ധ്യാനത്തിൽ പങ്കെടുത്തു.

നിപ്പ മൂലം മാറ്റി വെച്ചിരുന്ന യുവജന സംഗമം കോഴിക്കോട് സിറ്റിയിൽ ഒക്ടോബർ 22ന് പാറോപ്പടി പള്ളിയിൽ വെച്ച് നടത്തി. സബ്സോൺ ആനിമേറ്റർ ബിനോയ് അച്ചൻ ആമുഖ സന്ദേശം നൽകുകയും എല്ലാവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. 30 അംഗങ്ങൾ പങ്കെടുത്ത സംഗമത്തിന് ദേശീയ കരിസ്മാറ്റിക് സേവനസമിതി അംഗം ഷാജി വൈക്കത്ത്പറമ്പിൽ ക്ലാസ്സ് എടുത്തു. ശ്രീമതി സോളി സണ്ണിയുടെ നന്ദിയോടെ കൂട്ടായ്മ അവസാനിച്ചു. ഗ്ദടഇയുടെ നേതൃത്വത്തിൽ നടക്കുന്ന നേതൃത്വ പരിശീലനത്തിന്റെ മൂന്നാമത്തെ കോഴ്സ് നവംബർ നാലിന് PMOCയിൽ നടന്നു. മുൻ KSTവൈസ് ചെയർമാൻ വി.വി. അഗസ്റ്റിനും, മത്തായി ചക്കുന്നുംപുറത്തും ക്ലാസ്സു

കൾ നയിച്ചു. സോണൽ കോർഡിനേറ്റർ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം പറഞ്ഞു. പരിശീലനത്തിന് 67 പേർ പങ്കെടുത്തു. 3.30ന് ജോൺസൺ തുണ്ടത്തിലിന്റെ നന്ദിയോടെ പ്രോഗ്രാം അവസാനിച്ചു.

സോണിലെ കുഞ്ഞുങ്ങൾക്ക് ധ്യാനവും സെമിനാറുകളും കൂട്ടായ്മകളും നടത്തി. വിശ്വാസത്തിൽ വളർത്തുന്നതിന് എല്ലാ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാർക്ക് ഒക്ടോബർ 6ന് രാത്രി 8.30 മുതൽ 10 മണി വരെ ഓൺലൈനിൽ പരിശീലനം നൽകി. അഭിവന്ദ്യ റമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രോഗ്രാം ഉദ്ഘാടനം നടത്തി. ഹൃദ്യമായ സന്ദേശവും നൽകി. ഗഋടഇ കോ–ഓർഡിനേറ്റർ ഫാ. ജോസഫ് താമരവെളി അച്ചൻ ക്ലാസ്സ് നയിച്ചു. സംഗമത്തിൽ 98 പേർ പങ്കെടുത്തു.

നവംബർ 11ന് രൂപതാഭവനിൽ ക്രിസ്റ്റീൻ ആനിമേറ്റർ സംഗമം നടന്നു. സോണൽ ആനിമേറ്റർ സായി പാറൻകുളങ്ങരയച്ചൻ സ്വാഗതം ആശംസിക്കുകയും ആമുഖ സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പങ്കെടുത്തവരെ അഭിസംബോധന ചെയ്തു സംസാരിക്കുകയും. പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സോണൽ കോ ഓർഡിനേറ്റർ ആശംസ അർപ്പിച്ചു. ക്രിസ്റ്റീന്റെ സെൻട്രൽ മിനിസ്ട്രി അംഗം ശ്രീ. ജാക്സൺ ജോൺ ക്ലാസ്സ് നയിച്ചു. ക്രിസ്റ്റീൻ സോണൽ കോ ഓർഡിനേറ്റർ ആന്റണി സാർ കൂട്ടായ്മയ്ക്ക് നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിച്ചു.

പാരീഷ് മിനിസ്ട്രി കോഓർഡിനേറ്റർ ശ്രീ അഗസ്റ്റിൻ മഠത്തിലിന്റെയും ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS) എല്ലാ ഇടവകകളിൽ നടത്താനുള്ള പരിശ്രമം പുരോഗമിക്കുന്നു. ദേവഗിരിയിൽ പൂർത്തിയാക്കി തലയാട്, കട്ടിപ്പാറ, കല്ലാനോട് എന്നീ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. കോടഞ്ചേരിയിലും പെരിന്തൽമണ്ണയിൽ തുടങ്ങാനുള്ള തിയ്യതികൾ നിശ്ചയിച്ചു.

എല്ലാവരിലും എല്ലായിടത്തും സുവിശേഷം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. ശ്രീ. ബാബു മേമനയുടെയും വക്കച്ചൻ ചേട്ടന്റെയും നേതൃത്വത്തിലുള്ള കെരിഗ്മ മിനിസ്ട്രി അംഗങ്ങൾ യുദ്ധവും സംഘർഷവും മൂലം അശാന്തമായ

ലോകത്തിന് സ്നേഹത്തിന്റെ സന്ദേശം എത്തിക്കുന്നതിന് തെരുവുകളിലൂടെയുള്ള സ്നേഹ സന്ദേശ യാത്രയ്ക്ക് കഴിയുമെന്ന് ഒക്ടോബർ 21ന് തിരുവമ്പാടിയിൽ നടന്ന സ്നേഹ സന്ദേശയാത്ര ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് തന്റെ സന്ദേശത്തിൽ എല്ലാവരേയും ഓർമ്മിപ്പിച്ചു. ദൈവത്തിന് സ്തുതി.

**ഫാ. തോമസ് പാറൻകുളങ്ങര**
സോണൽ ആനിമേറ്റർ

## ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു." (1 പത്രോസ് 2:24)

അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. (മത്തായി 11:28) എന്ന ദൈവവചനത്തിൽ വിശ്വസിച്ചുകൊണ്ട് തളർന്നവരും തകർന്നവരുമായ അനേകർ കടന്നുവരുന്ന ഭവനമാണ് ബഥാനിയ. നിരവധിയായ ജീവിത പ്രശ്നങ്ങളാൽ വേദനിക്കുന്നവർക്ക് ആശ്വാസകേന്ദ്രമാണ് ബഥാനിയ. ആത്മീയ വളർച്ച ആഗ്രഹിക്കുന്നവർക്ക് ഉണർവ്വ് നൽകുന്ന ഭവനമാണ് ബഥാനിയ

**നവംബർ മാസത്തിലെ ശുശ്രൂഷകളിലൂടെ...**

**ധ്യാനങ്ങൾ**

നവംബർ മാസം 10 മുതൽ 13 വരേയും 24 മുതൽ 27 വരേയുമായിരുന്നു താമസിച്ചുള്ള ജീവിത വിശുദ്ധീകരണ ധ്യാനങ്ങൾ. ഓരോ ധ്യാനത്തിലും ഇരുന്നൂറോളം പേർ വീതം പങ്കെടുത്തു. ധാരാളം പേർ കുടുംബസമേതം ധ്യാനിക്കുന്നു എന്നത് എടുത്തു പറയേണ്ട പ്രത്യേകതയാണ്. സഭയുടെ ഔദ്യോഗിക ഡെലിവറൻസ് ശുശ്രൂഷയെ

കേന്ദ്രീകരിച്ച് നടത്തുന്ന ധ്യാനം അത്ഭുതകരമായ വിടുതലിന് കാരണമാകുന്നു. ബഥാനിയ ഡയറക്ടർ ബഹു. ഫാ.സെബാസ്റ്റ്യൻ പുളിക്കൽ ആണ് ധ്യാനങ്ങൾ നയിച്ചത്.

**ഏകദിന കൺവെൻഷനുകൾ**

എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ ഉണ്ടായിരുന്നു. വ്യക്തിപരമായ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായും ആത്മീയ ഉൽക്കർഷത്തിനായി നന്നായി ഒരുങ്ങി കുമ്പസരിക്കുന്നതിന് വേണ്ടിയും അനേകർ വെള്ളിയാഴ്ചകളിൽ ബഥാനിയായിൽ എത്തുന്നുണ്ട്.

3–ാം തിയ്യതി ആദ്യവെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ വി.കുരിശിന്റെ വഴി ജപമാല, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, വി.കുർബ്ബാന, വി. കുമ്പസാരം, വചന സന്ദേശം, സ്പിരിച്ചൽ ഷെയറിംഗ് തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു. ഉച്ചയ്ക്ക് 2 മണിക്ക് നേർച്ച ഭക്ഷണത്തോടെ അവസാനിച്ചു.

**വി. കുർബ്ബാനയും വി. കുമ്പസാരവും**

ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വി.കുർബ്ബാനയുണ്ടായിരുന്നു. പ്രാർത്ഥനാപൂർവ്വം വി. കുർബ്ബാനയിൽ പങ്കെടുക്കുവാനായി അനേകർ ഈ ദിവസങ്ങളിൽ വന്നിരുന്നു. ബഥാനിയായിൽ എല്ലാ ദിവസവും വി.കുമ്പസാരം ഉണ്ട് എന്നത് പലർക്കും ആശ്വാസകരമാണ്. ഈശോയുടെ മുമ്പിലിരുന്ന് ഒരുങ്ങി നല്ല കുമ്പസാരം നടത്തുന്നതിന് ആഗ്രഹിച്ച് വരുന്നവരുണ്ട്.

**സ്പിരിച്ചൽ ഷെയറിംഗ്**

ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്പിരിച്ചൽ ഷെയറിങ്ങുണ്ടായിരുന്നു. ജീവിതത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ദൈവീകമായ പരിഹാരം തേടിയും ആത്മീയ ജീവിതത്തിന് ഉതകുന്ന ദൈവീകപദ്ധതികൾ വെളിപ്പെട്ടു കിട്ടുന്നതിനുമായി ധാരാളം പേർ സ്പിരിച്ചൽ ഷെയറിങ്ങിനായി വന്നിരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച ബഹു.സമർപ്പിതരും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

**മദ്ധ്യസ്ഥ പ്രാർത്ഥന**

ബഥാനിയായിലെ വിവിധ ചാപ്പലുകളിലായി എല്ലാ ദിവസവും മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു. ബഥാനിയായിലെ ശുശ്രൂഷകൾക്കു വേണ്ടിയും സമർപ്പിക്കപ്പെടുന്ന നിയോഗങ്ങൾക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയുണ്ടായി. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് മദ്ധ്യസ്ഥ പ്രാർത്ഥനകൾ നയിക്കുന്നത്.

**ഡിസംബർ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 01 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ |
| 8 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 15 വെള്ളി | : | ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (15–18) |
| 22 വെള്ളി | : | ഏകദിന കൺവെൻഷൻ |
| 29 വെള്ളി | : | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

**സജീവം – ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ്**

പുതുപ്പാടി ഗ്രാമ വികസന സമിതി കക്കാട്, കല്ലടിക്കുന്ന് ഒഇഇ, പയോണ സാംസ്കാരിക നിലയം എന്നിവിടങ്ങളിൽ വച്ച് ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ സിദ്ധാർഥ് ക്ലാസ്സ് നയിച്ചു. ഇന്റേൺഷിപ് വിദ്യാർഥികൾ ഏരിയ കോഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് എന്നിവർ നേതൃത്വം നല്കി. 37 പേർ പരിപാടിയിൽ പങ്കെടുത്തു. കായണ്ണ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കാറ്റുള്ളമല ദർശന മഹിളാ സമാജം ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഏരിയ കോഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ ക്ലാസെടുത്തു. ഓട

ക്കയം, വെറ്റിലപ്പാറ ഒഇഇ കളിൽ ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ് നടത്തി. ആശാവർക്കർ മിനി കണിയാംകുഴി, നിർമ്മല, ഷാലി എന്നിവർ ക്ലാസ് നയിച്ചു.

രൂപത മതബോധന കേന്ദ്രവും സി.ഒ.ഡിയും സംയുക്തമായി ലഹരി വിമുക്ത ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകളുടെയും നേതൃത്വത്തിൽ വേദപാഠകുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്, റാലികൾ, കത്തെഴുത്തു മത്സരം, പോസ്റ്റർ തയ്യാറാക്കൽ തുടങ്ങിയവ നടത്തി. ഉദ്ഘാടനം വയലട സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് സി.ഒ.ഡി ഡയറക്ടർ ഫാ: ജോർജ് ചെമ്പരത്തിക്കൽ നിർവഹിച്ചു. രൂപത കോർപ്പറേറ്റ് ഓഫീസും സി.ഒ.ഡിയും സംയുക്തമായി വിവിധ സ്കൂളുകളിൽ ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സി.ഒ.ഡി.പ്രോഗ്രാം കോ ഓർഡിനേറ്റർ സിദ്ധാർഥ്, MSW ഇന്റേൺഷിപ് വിദ്യാർഥികൾ എന്നിവർ നേതൃത്വം നല്കി.

**ലോക ഭക്ഷ്യ ദിനാചരണം**

ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ചു പുതുപ്പാടി കൃഷി ഭവനുമായി സഹകരിച്ചു 500 പേർക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തു. വിഷരഹിത പച്ചക്കറി എന്ന ഉദ്ദേശ്യത്തോടെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം ഉണ്ടാക്കേണ്ട ആവശ്യകതയെക്കുറിച്ചു ഏരിയ കോ ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് സംസാരിച്ചു. സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ സിദ്ധാർഥ് ഉദ്ഘാടനം ചെയ്തു. ഏഢട പ്രസിഡന്റ് സബിത ജിജു അധ്യക്ഷത വഹിച്ചു. ഭക്ഷണ ക്രമീകരണം എന്ന വിഷയത്തിൽ റിഷാന, നബീല എന്നിവരും വ്യായാമവും ഭക്ഷണവും എന്നിവയെക്കുറിച്ചു ശ്രീ.സിദ്ധാർഥ് എന്നിവർ ക്ലാസ്സ് നയിച്ചു. ഗ്രാമ വികസ സമിതി അംഗങ്ങൾ പരിപാടിക്ക് നേതൃത്വം കൊടുത്തു. 45 പേർ പരിപാടിയിൽ പങ്കെടുത്തു.

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ലോക ഭക്ഷ്യ ദിനാചരണം നടത്തി. കൃഷി ഓഫീസിൽ നിന്നും ലഭിച്ച പച്ചക്കറി വിത്തുകളും തൈകളും അംഗങ്ങൾക്ക് വിതരണം ചെയ്തു. കോടഞ്ചേരി ഗ്രാമ വികസന സമിതി ലോക ഭക്ഷ്യ ദിനാചരണ ദിന

ത്തിൽ നാടൻ പച്ചക്കറി വിത്ത് വിതരണം നടത്തി. കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് 20 വാർഡ് മെമ്പർ റീന സാബു ഉദ്ഘാടനം ചെയ്തു. ഏരിയ കോഓർഡിനേറ്റർ, ഗ്രാമ വികസന സമിതി പ്രവർത്തകർ എന്നിവർ നേതൃത്വം നല്കി. വെറ്റിലപ്പാറ, കൂടരഞ്ഞി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ലോക ഭക്ഷ്യ ദിനാചരണ ദിനത്തിൽ സെമിനാർ നടത്തി. ഭക്ഷണവും ജീവിത രോഗങ്ങളും എന്ന വിഷയ ത്തെക്കുറിച്ചു ആശാവർക്കർ ക്ലാസ് എടുത്തു.

**ഗാന്ധി ജയന്തി ദിനാചരണം**

രാമനാട്ടുകരയിൽ വച്ച് നടത്തിയ നാഷണൽ NGO കൺഫെ ഡറേഷൻ കോഴിക്കോട് ജില്ല കമ്മിറ്റി റോഡ് സൈഡിൽ സ്ഥാപി ച്ചിട്ടുള്ള സൈൻ ബോർഡ് ക്ലീനിംഗ് പരിപാടിയിൽ സി.ഒ.ഡി. പ്രോ ഗ്രാം കോഓർഡിനേറ്റർ സിദ്ധാർഥ് പങ്കെടുത്തു.

കായണ്ണ ഗ്രാമ വികസന സമിതിയും ദർശന മഹിളാ സമാജവും ചേർന്ന് ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ കാറ്റുള്ളമല ബസ്റ്റാൻ ഡ് പരിസരവും പ്രിയദർശിനി കയർ യൂണിറ്റിന്റെ പരിസരവും കാട് വെട്ടി വൃത്തിയാക്കി. ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി. കോടഞ്ചേരി ഗ്രാമ വികസന സമിതി ഗാന്ധി ജയ ന്തി ദിനത്തിൽ പാത്തിപ്പാറ റോഡ്,ചൂരമുണ്ട മഹിളാസമാജം കെട്ടി ടത്തിന്റെ പരിസരം തുടങ്ങിയ സ്ഥലങ്ങൾ കാട് വെട്ടി ശുചീകരിച്ചു. വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ഓടക്കയം ഹെൽത്ത് സെന്റർ ശുചീകരണം നടത്തി. വാർഡ് മെമ്പർ ജിനേഷ് പി.എസ് ഉദ്ഘാടനം നിർവഹിച്ചു.

**വയോജന ദിനാചരണം**

കക്കയം, കൂരാച്ചുണ്ട് AFMA ഗ്രൂപ്പുകൾ വയോജന ദിനാചരണ ത്തോടനുബന്ധിച്ച് യോഗങ്ങൾ ചേരുകയും മത്സര പരിപാടികൾ, കലാപരിപാടികൾ എന്നിവ നടത്തുകയും ചെയ്തു. ഏരിയ കോ–ഓർ ഡിനേറ്റർ നേതൃത്വം നല്കി.

**പച്ച മരുന്ന് നിർമ്മാണം**

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയിലെ ഡിവൈൻ സംഘം ഉര

ഗുളിക നിർമ്മിച്ചു. ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി. വെറ്റിലപ്പാറ ഗ്രാമ വികസ സമിതിയുടെ നേതൃത്വത്തിൽ മുറിവെണ്ണ നിർമ്മാണം നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. ഏരിയ കോ ഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നൽകി.

**ലീഡേഴ്സ് ട്രെയ്നിങ്**

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ സംഘത്തിലെ അംഗങ്ങൾക്ക് നേതൃത്വ പരിശീലനം നടത്തി. വെറ്റിലപ്പാറ സെന്റ് അഗസ്റ്റിൻ പള്ളി വികാരി ഫാ:ജോസഫ് വടക്കേൽ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ. കെ.സി. ജോയ് അധ്യക്ഷത വഹിച്ചു. സി.ഒ.ഡി. പ്രോഗ്രാം കോഓർഡിനേറ്റർ സിദ്ധാർഥ് ക്ലാസ്സ് നയിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു. ഏരിയ കോ–ഓർഡിനേറ്റർ ഷൈനി സിബി സ്വാഗതവും മേഴ്സി ജെയിംസ് നന്ദിയും അർപ്പിച്ചു.

**സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കൈത്താങ്ങ്**

താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സി.ഒ.ഡി. 36 വർഷമായി തുടരുന്ന സേവനത്തിന് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കൈത്താങ്ങ്. വയോധികരുടെയും ഭിന്നശേഷിക്കാരുടെയും ഇടയിലുള്ള പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ബാങ്ക് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് വിനിയോഗിച്ചു വാങ്ങിയ കാർ സി.ഒ.ഡി യ്ക്ക് സമ്മാനിച്ചു. ബാങ്ക് ചീഫ് ജനറൽ മാനേജർ ആന്റോ ജോർജ് കാറിന്റെ താക്കോൽ ബിഷപ്പിന് കൈമാറി. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, രൂപത പ്രൊക്യൂറേറ്റർ ഫാ. കുര്യാക്കോസ് മുകാല, താമരശ്ശേരി ബ്രാഞ്ച് മാനേജർ ഷെറിൻ എന്നിവർ സംസാരിച്ചു.

**മറ്റു പരിപാടികൾ**

പാലായിൽ വച്ച് നടത്തപ്പെട്ട കാരിത്താസ് ഇന്ത്യ ദേശീയ അസംബ്ളിയിൽ സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**

ഡയറക്ടർ, വികസനവേദി

# യേശുനിധി

2023 ഒക്ടോബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Anackampoil | 10,000.00 |
| 2 | Kuttipuram | 8,000.00 |
| 3 | Venappara | 10,000.00 |
| **Home** | | |
| 4 | Chippilithode | 10,000.00 |
| 5 | Kalkundu | 10,000.00 |
| 6 | Manjakunnu | 10,000.00 |
| 7 | Manjuvayal | 10,000.00 |
| 8 | Mariapuram | 10,000.00 |
| 9 | Mukkam | 5,000.00 |
| 10 | Pathippara | 10,000.00 |
| 11 | Perinthalmanna | 10,000.00 |
| 12 | Poozhithode | 10,000.00 |
| **Marriage** | | |
| 13 | Kakkadampoil | 10,000.00 |
| **Medical** | | |
| 14 | Adackakundu | 8,000.00 |
| 15 | Balussery | 10,000.00 |
| 16 | Chundathumpoil | 8,000.00 |
| 17 | Kalkundu | 10,000.00 |
| 18 | Kodanchery | 10,000.00 |
| 19 | Kodanchery | 10,000.00 |
| 20 | Kuliramutty | 10,000.00 |
| 21 | Manjakadave | 10,000.00 |
| 22 | Palloor | 10,000.00 |
| 23 | Passukadave | 8,000.00 |
| 24 | Passukadave | 8,000.00 |
| 25 | Peruvannamuzhi | 10,000.00 |
| 26 | Pushpagiri | 10,000.00 |
| 27 | Thamarassery | 10,000.00 |
| 28 | Thazhekode | 10,000.00 |
| 29 | Thottumukkam | 10,000.00 |
| 30 | Vadakara | 10,000.00 |
| 31 | Valillapuzha | 10,000.00 |
| 32 | Venappara | 10,000.00 |
| 33 | Vilangad | 10,000.00 |
| 34 | Vilangad | 8,000.00 |
| | **Total** | **3,23,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ഒക്ടോബർ 2023**

29 രാവിലെ, ചമൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

30 രാവിലെ, കോടഞ്ചേരി മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, മഞ്ചേരി ഇടവകയിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

31 രാവിലെ, വാലില്ലാപ്പുഴ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഒ.സി.ഡി. സന്യാസ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹു. പത്രോസ് ചക്യാത്ത് അച്ചനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, മഞ്ഞക്കടവ് ഇടവകയിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

**നവംബർ**

1 രാവിലെ, പുന്നയ്ക്കൽ ഇടവകയിൽ ബഹു. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ അച്ചന്റെ പരേതയായ മാതാവ് വത്സമ്മ കൊച്ചുകൈപ്പയിലിന്റെ 41–ാം ചരമ ദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഈസ്റ്റ് ഹിൽ ഇടവകയിൽ, ഫ്രാൻസിസ്കൻ സന്യാസിനീ സമൂഹത്തിന്റെ കോഴിക്കോട് പ്രൊവിൻസിലെ ഏതാനും അർത്ഥിനികളുടെ വ്രതവാഗ്ദാന ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ദീപികയുടെ ഓഫീസ് സന്ദർശിച്ചു.

വൈകുന്നേരം, പാറോപ്പടി ഗദ്സെമിനി നവീകരണ കേന്ദ്രം വെഞ്ചരിച്ച് നവീകരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നവർക്ക് സന്ദേശം നൽകുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

2 രാവിലെ, കൂരോട്ടുപാറ ഇടവകയിൽ ദിവ്യബലി അർപ്പിക്കുകയും പുതുതായി നിർമ്മിച്ച സെമിത്തേരി വെഞ്ചരിക്കുകയും ചെയ്തു.

വൈകുന്നേരം, മാവൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച കൽക്കുരിശ് വെഞ്ചരിക്കുകയും, ദിവ്യബലിയർപ്പിക്കുകയും സെമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

3 രാവിലെ, രൂപത മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും വൈദിക വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ വെച്ച് നടന്ന സൊസൈറ്റി ബോർഡ് അംഗങ്ങളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

5 രാവിലെ, ഗൊരഖ്പൂർ രൂപതയുടെ പുതിയ മെത്രാൻ മാർ മാത്യു നെല്ലിക്കുന്നേൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

6 ഉച്ചകഴിഞ്ഞ്, ഫരീദാബാദ് ക്രിസ്തുരാജ ഫൊറോന കത്തീഡ്രൽ വികാരിയായ താമരശ്ശേരി രൂപതവൈദികൻ എബ്രഹാം വള്ളോപ്പിള്ളി അച്ചനെ സന്ദർശിച്ചു.

വൈകുന്നേരം, ഫരീദാബാദ് ക്രിസ്തുരാജ ഫൊറോന കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

7 രാവിലെ, ഫരീദാബാദ് കർമ്മലീത്ത സന്യാസിനി ഭവനകപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

8 രാവിലെ, രൂപത മൈനർ സെമിനാരിയിൽ, ഹോം ഡേയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, അഗസ്ത്യാമൂഴി സെന്റ് ജോസഫ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. ജോസഫ് കാപ്പിലച്ചനെയും മോൺ. ആന്റണി കൊഴുവനാൽ അച്ചനെയും സന്ദർശിച്ചു.

വൈകുന്നേരം, തോട്ടുമുക്കം ഇടവകയിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ തോട്ടുമുക്കം ഫൊറോന തല പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

9 വൈകുന്നേരം, ഹോളണ്ട് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. ജോർജ്ജ് പയ്യമ്പിള്ളി അച്ചന്റെ ഏതാനും ഇടവകാംഗങ്ങളെയും വൈദികരെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

10 രാവിലെ, പി.എം.ഒ.സി.യിൽ വെച്ച് നടന്ന പ്രീകാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

വൈകുന്നേരം, കോരങ്ങാട് അൽഫോൻസ സ്കൂളിൽ നടന്ന ഇഫയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഫുഡ് ലിറ്ററസി ആന്റ് ന്യൂട്രിഷണൽ കൗൺസിലിംഗിന്റെ ഉദ്ഘാടന സമ്മേളനത്തിന് അധ്യക്ഷ്യം വഹിച്ചു. ബഹു. ശശി തരൂർ എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

11 രാവിലെ, എം.എം.പി.സി.യിൽ വെച്ച് നടന്ന താമരശ്ശേരി രൂപത ക്രിസ്റ്റീൻ ആനിമേറ്റേർസ് ആന്റ് റിസോർസ് ടീം സംഗമം ഉദ്ഘാടനം ചെയ്തു.

രൂപതാ ഭവനിൽ വെച്ച് നടന്ന താമരശ്ശേരി രൂപത 12–ാമത് പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത് മീറ്റിംഗിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി സെന്റ് മേരീസ് ഹൈസ്കൂളിലെ മാർ ബിഷപ്പ് മാർ ജോസഫ് കുന്നത്ത് അംഗമായ ആദ്യ ബാച്ചിന്റെ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, കല്ലുരുട്ടി ഇടവകയിൽ ബഹു. മാത്യു മാവേലിയച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

12 രാവിലെ, രൂപത മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പി.എം.ഒ.സി.യിൽ വെച്ചു നടന്ന പ്രതിഭാസംഗമത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും തുടർന്നുള്ള മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, അങ്കമാലി, എടനാട് ഇടവകയിൽ, പ്രസന്റേഷൻ സന്യാസ സമൂഹാംഗമായ ബഹു. സി. റോസി ജോസഫിന്റെ സഹോദരൻ പരേതനായ ചക്കുങ്ങൽ ഔസേഫ് ജോസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി.

വൈകുന്നേരം, മലയാറ്റൂർ ദർശന നവീകരണ സെന്ററിൽ വെച്ച് നടന്ന ചെറുപുഷ്പ സന്യാസ സമൂഹത്തിലെ, വൈദികരുടെ വാർഷിക ധ്യാനത്തിന് നേതൃത്വം നൽകി.

12–17 മലയാറ്റൂർ ദർശന നവീകരണ സെന്ററിൽ വെച്ച് നടന്ന ചെറുപുഷ്പ സന്യാസ സമൂഹത്തിലെ, വൈദികരുടെ വാർഷിക ധ്യാനത്തിന് നേതൃത്വം നൽകി.

17 വൈകുന്നേരം, ചീരട്ടാമല ഇടവകയിൽ ക്രിസ്തുരാജ തിരു

നാളാരംഭത്തോടനുബന്ധിച്ച് കൊടി ഉയർത്തുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

18 രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസ സമൂഹ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

പനംപ്ലാവ് ഇടവകയിൽ, പരേതനായ അജോ മാങ്ങോട്ടിലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയു ചെയ്തു.

ഉച്ചകഴിഞ്ഞ്, ഇഫയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന 'കിസാൻ ലൈൻ നേതൃത്വ പരിശീലന പരിപാടി'യിൽ സംബന്ധിക്കുന്നവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, പെരുവണ്ണാമൂഴി ശാലോം സന്ദർശിച്ചു.

18-19 പടത്തുകടവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, ചക്കിട്ടപാറ ഇടവകയിൽ പരേതനായ തെങ്ങുംപള്ളിൽ സെബാസ്റ്റ്യന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 രാവിലെ, സി.എം.സി. ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു.

അടിവാരത്ത് നടന്ന ചിപ്പിലിത്തോട് – മരുതിലാവ് – തളിപ്പുഴ ചുരം ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിനായി നടത്തിയ ജനകീയ സംഗമ സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കക്കാടംപൊയിൽ ഇടവകയിൽ നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

21 രാവിലെ, ചേവായൂർ പ്രസന്റേഷൻ പ്രവിശ്യാഭവനിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സമർപ്പണ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ ഫിലോമിന ബെന്നി പഴയാറ്റുതറയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

വൈകുന്നേരം, ഷംഷാബാദ് രൂപതയുടെ സഹായ മെത്രാൻ മാർ തോമസ് പാടിയത്തിനെ രൂപതാഭവനിൽ സ്വീകരിച്ചു.

22 രാവിലെ, ഈങ്ങാപ്പുഴ ഗുഡ്ഷെപ്പേർഡ് സന്യാസിനി ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, വിളക്കാംതോട് ഇടവകയിൽ വെച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

23 രാവിലെ, കൂടരഞ്ഞി ഇടവകയിൽ, ബഹു. സ്കറിയ മങ്കരയിൽ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ഷംഷാബാദ് രൂപതയുടെ സഹായ മെത്രാൻ മാർ തോമസ് പാടിയത്തിനൊപ്പം പങ്കെടുത്തു.

വൈകുന്നേരം, രൂപത ഭവനിൽ വെച്ച്, രൂപതാഭവനിലെ വൈദികരോടും മറ്റംഗങ്ങളോടുമൊപ്പം മാസ ധ്യാനത്തിൽ പങ്കെടുത്തു.

24 രാവിലെ, രൂപത ഭവനിൽ മാസധ്യാനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

താമരശ്ശേരി സനാതന മേജർസെമിനാരിയിലെ റെക്ടറച്ചനെയും ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന മ്ശംശാനമാരെയും രൂപതാഭവനിൽ സ്വീകരിച്ചു.

ഉച്ചയ്ക്ക്, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി ഭവനത്തിൽ പരിശീലനത്തിലായിരിക്കുന്ന അർഥിനികൾക്ക് വേണ്ടി ക്ലാസ്സെടുത്തു.

വൈകുന്നേരം, പുല്ലുരാംപാറ ബഥാനിയയിൽ വച്ച് ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

ദീപികയുടെ അപ്പെക്സ് ബോർഡ് ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

25 രാവിലെ, മരിയാപുരം എപ്പിസ്കോപ്പൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് ഒരു കുഞ്ഞിന് ആദ്യകുർബ്ബാന നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച് സെമിത്തേരി വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, കാളികാവ് സെന്റ് ക്ലെയർ കോൺവെന്റ് പ്രൈമറി സ്കൂളിന്റെ പതിനൊന്നാമത് വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

26 രാവിലെ, പുത്തൂർ സ്നേഹതീരം കൺവെൻഷൻ സെന്ററിൽ വച്ച് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മറ്റ് മന്ത്രിമാരും പങ്കെടുത്ത നവകേരള സദസിന്റെ ഭാഗമായ പ്രഭാത സദസ്സിൽ സംബന്ധിച്ച് നിവേദം നൽകി.

പാറോപ്പടി ഫൊറോന ദൈവാലയത്തിൽ വികാരി ബഹു. ജോസഫ് കളരിക്കലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബി

ലി ആഘോഷങ്ങളോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ കോഴിക്കോട് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനോടൊപ്പം പങ്കെടുത്തു.

വൈകുന്നേരം, കാക്കവയൽ ഇടവകയിൽ ഇടവക സ്ഥാപനത്തിന്റെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

കൊച്ചി കുസാറ്റ് സർവ്വകലാശാലയിൽ സംഗീതനിശയ്ക്കിടയിലുണ്ടായ അപകടത്തിൽ മരിച്ച താമരശ്ശേരി സ്വദേശിനി സാറാ തോമസ് വയലപ്പിള്ളിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 രാവിലെ, എം.എസ്.ജെ. സന്യാസിനി സഭയുടെ നാമഹേതുകതിരുനാളിനോടനുബന്ധിച്ച് അമ്പായത്തോട് സ്നേഹഭവൻ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

താമരശ്ശേരി കത്തീഡ്രൽ പാരീഷ് ഹാളിൽ, സി.ഒ.ഡി. യുടെ രൂപീകരണത്തിന്റെ 35–ാം വാർഷികവും നേതൃത്വ സംഗമവും ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പി.എം.ഒ.സി. യിൽ വച്ച് നടന്ന താമരശ്ശേരി രൂപത വൈദികരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു.

28–29 പി.എം.ഒ.സി. യിൽ വെച്ച് നടന്ന താമരശ്ശേരി രൂപത വൈദികരുടെ സെമിനാറിൽ പങ്കെടുത്തു.

30 രാവിലെ, തിരുവമ്പാടി ഇടവയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

തിരുവമ്പാടി ഇടവയിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ സഹോദരി പരേതയായ അന്ന ജോർജ്ജ് കട്ടക്കലിന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും അനുസ്മരണ ശുശ്രൂഷകൾക്ക് തൂങ്കുഴി പിതാവിനോടൊപ്പം നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, മാവൂർ ഇടവയിൽ വച്ച് നടന്ന താമരശ്ശേരി രൂപത മതബോധന കേന്ദ്രത്തിന്റെ പരിശീലന പരിപാടിയായ പവർ സെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

# വിഷയവിവരം
## താമരമൊട്ടുകൾ വാല്യം 25, 2023


| | | | |
|---|---|---|---|
| **1.** | **മംഗളാശംസകൾ** | | |
| | പുതുവത്സരാശംസകൾ | 1 | 1 |
| | ആദരാഞ്ജലികൾ – ബെനഡിക്ട് 16–ാമൻ പാപ്പായ്ക്ക് | 2 | 93 |
| | മാർ ജോൺ പനന്തോട്ടത്തിൽ പിതാവിന് പ്രാർത്ഥനാശംസകൾ | 2 | 94 |
| | നവവൈദികർക്ക് പ്രാർത്ഥനാമംഗളങ്ങൾ | 2 | 95 |
| | ആദരാഞ്ജലികൾ – ഫാ. മെൽവിൻ അബ്രഹാം പള്ളിത്താഴത്ത് | 2 | 96 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ – ജന്മദിനാശംസകൾ | 7 | 465 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ – തിരുന്നാൾ ആശംസകൾ | 10 | 691 |
| | ഗോൾഡൻ ജൂബിലി, സിൽവർജൂബിലി ആശംസകൾ | 12 | 839 |
| | മാർ മാത്യു നെല്ലിക്കുന്നേൽ പിതാവിന് പ്രാർത്ഥനാശംസകൾ | 12 | 840 |
| **2.** | **ജന്മദിന ആശംസകൾ** | | |
| | ,, | 1 | 3 |
| | ,, | 2 | 95 |
| | ,, | 3 | 163 |
| | ,, | 4 | 259 |
| | ,, | 5 | 339 |
| | ,, | 6 | 387 |
| | ,, | 7 | 467 |
| | ,, | 8 | 559 |
| | ,, | 9 | 633 |
| | ,, | 10 | 693 |
| | ,, | 11 | 761 |
| | ,, | 12 | 841 |
| **3.** | **നാമഹേതുക തിരുനാൾ ആശംസകൾ** | | |
| | ,, | 1 | 4 |
| | ,, | 3 | 164 |
| | ,, | 4 | 260 |
| | ,, | 5 | 339 |
| | ,, | 6 | 388 |
| | ,, | 7 | 468 |
| | ,, | 8 | 560 |
| | ,, | 9 | 634 |
| | ,, | 10 | 694 |
| | ,, | 11 | 761 |
| | ,, | 12 | 841 |
| **4.** | **സർക്കുലറുകൾ** | | |
| | സീറോ മലബാർ പ്രേഷിത വാരാചരണം | 1 | 6 |

| | | |
|---|---|---|
| കർഷകദിനം സർക്കുലർ | 1 | 18 |
| ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി | 1 | 22 |
| മാർപാപ്പയുടെ സന്ദേശം – ലോകസമാധാനദിന സന്ദേശം | 1 | 26 |
| തിരുബാലസഖ്യദിനം | 2 | 97 |
| മാർപ്പാപ്പയുടെ സന്ദേശം – ലോക രോഗീദിനസന്ദേശം | 2 | 102 |
| സിനഡ് അനന്തര സർക്കുലർ | 2 | 108 |
| മദ്യവിരുദ്ധഞായർ | 3 | 166 |
| മാർപ്പാപ്പയുടെ തപസ്സുകാലത്തിലേക്കു നയിക്കുന്ന സന്ദേശം | 3 | 172 |
| ദൈവവിളി 04/2023 | 4 | 262 |
| രൂപതാദിനം 05/2023 | 4 | 266 |
| മംഗളവാർത്ത തിരുന്നാൾ 01/2023 | 4 | 268 |
| കുളത്തുവയൽ തീർത്ഥാടനം 02/2023 | 4 | 271 |
| യേശുനിധി 2023 03/2023 | 4 | 273 |
| മെയ്ദിന സന്ദേശം – കെ.സി.ബി.സി. | 5 | 341 |
| കേരള സഭാനവീകരണം 2022–2025 | 5 | 347 |
| മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം 08/2023 | 6 | 391 |
| എജ്യുകെയർ 09/2023 | 6 | 392 |
| മാർപ്പാപ്പയുടെ മെയ്ദിന സന്ദേശം | 6 | 397 |
| വൈദികരുടെ വാർഷികധ്യാനം 10/2023 | 7 | 471 |
| ഇടയലേഖനം – മേജർ ആർച്ച്ബിഷപ് | 7 | 473 |
| സർക്കുലർ | 7 | 479 |
| അൽഫോൻസ തീർത്ഥാടനം 11/2023 | 7 | 481 |
| യുവജനദിനം 2023 | 7 | 483 |
| അഖണ്ഡജപമാല സമർപ്പണം 12/2023 | 7 | 488 |
| മന്ന – പാവങ്ങളുടെ അന്നം 13/2023 | 7 | 492 |
| വൈദിക ദിനം 14/2023 | 7 | 496 |
| സർക്കുലർ – കെ.സി.ബി.സി. | 7 | 499 |
| മാർപ്പാപ്പയുടെ മാധ്യമ ദിന സന്ദേശം | 7 | 502 |
| മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി 15/2023 | 8 | 562 |
| ജസ്റ്റിസ് സൺഡേ | 8 | 567 |
| തടവറ പ്രേഷിതദിനം | 8 | 570 |
| സർക്കുലർ | 8 | 576 |
| മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 3–ാം ചരമവാർഷികം 16/2023 | 9 | 636 |
| നാല്പതുമണി ആരാധന 17/2023 | 9 | 637 |
| ജപമാല ഭക്തി 18/2023 | 10 | 696 |
| ആഗോളപ്രേഷിതദിനം– 2023 ഫ്രാൻസിസ് പാപ്പയുടെ സന്ദേശം | 10 | 701 |
| സർക്കുലർ – കെ.സി.ബി.സി. | 10 | 763 |
| സർക്കുലർ – റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡ് | 10 | 767 |
| റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡ് | 10 | 772 |

| | | | |
|---|---|---|---|
| | മംഗളവാർത്തക്കാലം | 12 | 843 |
| | സീറോമലബാർ പ്രേഷിതവാരാചരണം 2024 | 12 | 848 |
| **5.** | **ഇടയലേഖനങ്ങൾ** | | |
| | ഇടയലേഖനം 01/2023 | 1 | 12 |
| | നോമ്പുകാലം 02/2023 | 3 | 178 |
| **6.** | **പ്രോഗ്രാം** | | |
| | ജനുവരി | 1 | 5 |
| | ഫെബ്രുവരി | 2 | 96 |
| | മാർച്ച് | 3 | 165 |
| | ഏപ്രിൽ | 4 | 261 |
| | മെയ് | 5 | 340 |
| | ജൂൺ | 6 | 389 |
| | ജൂലൈ | 7 | 470 |
| | ആഗസ്റ്റ് | 8 | 561 |
| | സെപ്റ്റംബർ | 9 | 635 |
| | ഒക്ടോബർ | 10 | 695 |
| | നവംബർ | 11 | 762 |
| | ഡിസംബർ | 12 | 842 |
| **7.** | **കച്ചേരിക്കാര്യം** | | |
| | ,, | 1 | 33 |
| | ,, | 2 | 116 |
| | ,, | 3 | 183 |
| | ,, | 4 | 276 |
| | ,, | 5 | 350 |
| | ,, | 6 | 405 |
| | ,, | 7 | 509 |
| | ,, | 8 | 581 |
| | ,, | 9 | 640 |
| | ,, | 10 | 711 |
| | ,, | 11 | 775 |
| | ,, | 12 | 852 |
| **8.** | **പൊതു അറിയിപ്പുകൾ** | | |
| | രൂപതാദിനം 2023 | 4 | 281 |
| | സസ്പെൻഷൻ ഡിക്രി – ഫാ. തോമസ് പുതിയാപറമ്പിൽ | 8 | 585 |
| | ആദരാഞ്ജലികൾ – ഫാ. മാത്യു പ്ലാത്തോട്ടത്തിൽ | 9 | 645 |
| | Decree - Major Archiepiscopal Curia | 10 | 715 |
| | Decree - Major Archiepiscopal Curia | 10 | 716 |
| | ആദരാഞ്ജലികൾ – ഫാ. തോമസ് കൊച്ചുപറമ്പിൽ | 10 | 718 |
| | ആദരാഞ്ജലികൾ – ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ | 11 | 777 |
| | ആദരാഞ്ജലികൾ – ഫാ. ഫ്രാൻസിസ് കള്ളികാട്ട് | 11 | 780 |

| | | | |
|---|---|---|---|
| | ആദരാഞ്ജലികൾ – ഫാ. മാത്യു തകിടിയേൽ | 11 | 785 |
| 9. | **റിപ്പോർട്ടുകൾ** | | |
| | വൈദികസമിതി ഉദ്ഘാടന സമ്മേളന റിപ്പോർട്ട് | 1 | 36 |
| | പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടന സമ്മേളന റിപ്പോർട്ട് | 1 | 42 |
| | വൈദിക സമിതി സമ്മേളന റിപ്പോർട്ട് | 8 | 486 |
| | 12–ാം പാസ്റ്ററൽ കൗൺസിൽ 2–ാം യോഗറിപ്പോർട്ട് | 12 | 856 |
| 10. | **സെമിനാരി വാർത്തകൾ** | | |
| | ,, | 1 | 55 |
| | ,, | 3 | 201 |
| | ,, | 4 | 294 |
| | ,, | 6 | 420 |
| | ,, | 7 | 523 |
| | ,, | 8 | 597 |
| | ,, | 9 | 652 |
| | ,, | 10 | 725 |
| | ,, | 11 | 797 |
| 11. | **വെക്കേഷൻ ബ്യൂറോ** | | |
| | ,, | 3 | 198 |
| 12. | **അൾത്താര സംഘടന** | 4 | 289 |
| | ,, | 6 | 427 |
| | ,, | 11 | 798 |
| | ,, | 12 | 867 |
| 13. | **വിശ്വാസപരിശീലനം** | | |
| | ,, | 1 | 46 |
| | ,, | 2 | 121 |
| | ,, | 3 | 189 |
| | ,, | 4 | 283 |
| | ,, | 5 | 353 |
| | ,, | 6 | 413 |
| | ,, | 7 | 514 |
| | ,, | 8 | 592 |
| | ,, | 9 | 647 |
| | ,, | 10 | 721 |
| | ,, | 11 | 791 |
| | ,, | 12 | 860 |
| 14. | **ബൈബിൾ അപ്പോസ്റ്റലേറ്റ്** | 6 | 418 |
| | ,, | 7 | 521 |
| | ,, | 11 | 789 |
| | ,, | 12 | 860 |
| 15. | **ചെറുപുഷ്പ മിഷൻലീഗ്** | | |

| | | | |
|---|---|---|---|
| | ,, | 1 | 51 |
| | ,, | 2 | 127 |
| | ,, | 3 | 195 |
| | ,, | 6 | 424 |
| | ,, | 7 | 524 |
| | ,, | 8 | 599 |
| | ,, | 9 | 654 |
| | ,, | 10 | 726 |
| | ,, | 11 | 799 |
| | ,, | 12 | 868 |
| **16.** | **തിരുബാലസഖ്യം** | 7 | 527 |
| | ,, | 8 | 602 |
| | ,, | 9 | 657 |
| | ,, | 10 | 729 |
| | ,, | 11 | 803 |
| **17.** | **കെ.സി.വൈ.എം. – എസ്.എം.വൈ.എം.** | | |
| | ,, | 2 | 140 |
| | ,, | 3 | 227 |
| | ,, | 4 | 311 |
| | ,, | 5 | 363 |
| | ,, | 6 | 440 |
| | ,, | 7 | 530 |
| | ,, | 8 | 607 |
| | ,, | 9 | 667 |
| | ,, | 10 | 739 |
| | ,, | 11 | 809 |
| | ,, | 12 | 882 |
| **18.** | **ഫാമിലി അപ്പോസ്തലേറ്റ്** | | |
| | ,, | 3 | 214 |
| | ,, | 5 | 368 |
| | ,, | 6 | 422 |
| | ,, | 7 | 522 |
| | ,, | 8 | 596 |
| | ,, | 9 | 651 |
| | ,, | 11 | 790 |
| **19.** | **മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്** | 1 | 67 |
| | ,, | 2 | 137 |
| | ,, | 3 | 213 |
| | ,, | 4 | 307 |
| | ,, | 5 | 361 |

| | | |
|---|---|---|
| ,, | 6 | 445 |
| ,, | 10 | 745 |
| ,, | 11 | 822 |
| ,, | 12 | 869 |
| 20. മാതൃവേദി | | |
| ,, | 3 | 215 |
| ,, | 6 | 447 |
| ,, | 10 | 737 |
| 21. കത്തോലിക്കാ കോൺഗ്രസ്സ് | | |
| ,, | 1 | 73 |
| ,, | 3 | 222 |
| ,, | 7 | 537 |
| ,, | 8 | 604 |
| ,, | 9 | 664 |
| ,, | 12 | 876 |
| 22. കുടുംബകൂട്ടായ്മ | 3 | 233 |
| 23. കമ്മ്യൂണിക്കേഷൻ മീഡിയ | 6 | 423 |
| ,, | 12 | 880 |
| 24. ജീസസ് ഫ്രട്ടേണിറ്റി | 3 | 235 |
| 25. ക്രിസ്റ്റീൻ മിനിസ്ട്രി | 1 | 76 |
| 26. ഇൻഫാം | 1 | 68 |
| ,, | 2 | 138 |
| ,, | 3 | 213 |
| ,, | 4 | 309 |
| ,, | 5 | 362 |
| ,, | 6 | 446 |
| ,, | 7 | 541 |
| ,, | 9 | 672 |
| ,, | 10 | 744 |
| ,, | 12 | 879 |
| 27. യൂദിത്ത് ഫോറം | 10 | 746 |
| 28. ലിറ്റർജി കമ്മീഷൻ | | |
| ,, | 1 | 53 |
| ,, | 2 | 129 |
| ,, | 3 | 199 |
| ,, | 4 | 292 |
| ,, | 5 | 358 |
| ,, | 6 | 417 |
| ,, | 7 | 520 |
| ,, | 8 | 595 |

| | | |
|---|---|---|
| „ | 9 | 650 |
| „ | 10 | 724 |
| „ | 11 | 796 |
| „ | 12 | 864 |
| **29. പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട്** | | |
| „ | 1 | 62 |
| „ | 2 | 136 |
| „ | 3 | 212 |
| „ | 4 | 306 |
| „ | 5 | 360 |
| „ | 6 | 429 |
| „ | 7 | 529 |
| „ | 8 | 603 |
| „ | 9 | 659 |
| „ | 10 | 731 |
| „ | 11 | 805 |
| „ | 12 | 871 |
| **30. പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്** | 3 | 209 |
| „ | 1 | 62 |
| **31. ആൽഫ മരിയ അക്കാദമി** | | |
| „ | 1 | 61 |
| „ | 3 | 211 |
| „ | 4 | 305 |
| „ | 12 | 872 |
| **32. സ്റ്റാർട്ട്** | | |
| „ | 1 | 59 |
| „ | 2 | 134 |
| „ | 3 | 205 |
| „ | 4 | 295 |
| „ | 6 | 434 |
| **33. എയ്ഡർ എഡ്യൂക്കെയർ** | 6 | 438 |
| „ | 9 | 671 |
| „ | 10 | 742 |
| „ | 11 | 821 |
| „ | 12 | 885 |
| **34. ആദരാഞ്ജലികൾ** | | |
| സി. പാസ്ക്കൽ ബൈലോൺ എഫ്.സി.സി. | 2 | 126 |
| സി. ബിൻസി എം.എസ്.എം.ഐ. | 3 | 194 |
| സി. ലിവീന റോസ് സി.എം.സി. | 4 | 288 |
| സി. മേഴ്സി എം.എസ്.എം.ഐ. | 5 | 359 |

| | | |
|---|---|---|
| സി. റോസ് ജോൺ എഫ്.സി.സി. | 8 | 598 |
| സി. ആനി ജോസഫ് സി.എം.സി. | 9 | 653 |
| **35. കരിസ്മാറ്റിക് മൂവ്മെന്റ്** | | |
| ,, | 1 | 77 |
| ,, | 3 | 238 |
| ,, | 4 | 320 |
| ,, | 6 | 451 |
| ,, | 7 | 542 |
| ,, | 8 | 617 |
| ,, | 9 | 673 |
| ,, | 11 | 824 |
| ,, | 12 | 887 |
| **36. ബഥാനിയ വാർത്തകൾ** | | |
| ,, | 1 | 79 |
| ,, | 2 | 149 |
| ,, | 3 | 241 |
| ,, | 4 | 321 |
| ,, | 6 | 453 |
| ,, | 7 | 543 |
| ,, | 10 | 749 |
| ,, | 11 | 826 |
| ,, | 12 | 889 |
| **37. അൽഫോൻസ കോളേജ്** | | |
| ,, | 1 | 64 |
| ,, | 4 | 298 |
| ,, | 6 | 430 |
| ,, | 9 | 660 |
| ,, | 10 | 732 |
| ,, | 11 | 806 |
| ,, | 12 | 873 |
| **38. വിൻസെന്റ് ഡി പോൾ സൊസൈറ്റി** | 1 | 71 |
| ,, | 2 | 148 |
| ,, | 3 | 237 |
| ,, | 4 | 318 |
| ,, | 5 | 369 |
| ,, | 10 | 738 |
| ,, | 12 | 886 |
| **39. വിദ്യാഭ്യാസം** | | |
| ,, | 1 | 57 |
| ,, | 2 | 131 |
| ,, | 3 | 202 |

| | | | |
|---|---|---|---|
| | „ | 6 | 431 |
| 40. | വികസനവേദി | | |
| | „ | 1 | 81 |
| | „ | 2 | 151 |
| | „ | 3 | 244 |
| | „ | 4 | 324 |
| | „ | 5 | 370 |
| | „ | 6 | 456 |
| | „ | 7 | 546 |
| | „ | 8 | 621 |
| | „ | 9 | 679 |
| | „ | 10 | 753 |
| | „ | 11 | 829 |
| | „ | 12 | 891 |
| 41 | യേശുനിധി | | |
| | „ | 1 | 88 |
| | „ | 2 | 156 |
| | „ | 3 | 250 |
| | „ | 4 | 331 |
| | „ | 5 | 376 |
| | „ | 6 | 458 |
| | „ | 7 | 553 |
| | „ | 8 | 626 |
| | „ | 9 | 683 |
| | „ | 10 | 756 |
| | „ | 11 | 831 |
| | „ | 12 | 895 |
| 42. | അജപാലനക്കുറിപ്പുകൾ | | |
| | „ | 1 | 89 |
| | „ | 2 | 157 |
| | „ | 3 | 251 |
| | „ | 4 | 322 |
| | „ | 5 | 377 |
| | „ | 6 | 459 |
| | „ | 7 | 554 |
| | „ | 8 | 627 |
| | „ | 9 | 685 |
| | „ | 10 | 757 |
| | „ | 11 | 832 |
| | „ | 12 | 896 |

# Cover Inner pages

## Bishop's Programme

### December 2023

| | | |
|---|---|---|
| 01 | 10.00 | Thalassery |
| 02 | 06.30 | Padinjarethara |
| | 17.30 | Marikunnu |
| 03 | | Karimbu - Pastoral Visit |
| 04 - 06 | | KCBC |
| 07 | 10.30 | Thamarassery |
| | 18.00 | Vilangad |
| 08 | 06.30 | PMOC |
| | 17.00 | Thamarassery |
| 09 | 06.30 | Koorachundu |
| | 10.00 | Thamarassery |
| | 12.00 | Kozhikode |
| | 12.30 | Ashokapuram |
| | 18.00 | Anakkampoyil |
| 10 | | Vendekumpoil - Pastoral Visit |
| 11 | 10.00 | Iritty |
| 12 | | Office Day |
| 13 | 09.00 | Thamarassery |
| 14 | 11.30 | Thiruvamabdy |
| 15 | 06.30 | Engapuzha |
| | 18.00 | Thamarassery |
| | 18.30 | Bethania |
| 16 | 10.30 | Thamarassery |

| | | |
|---|---|---|
| 17 | | Perinthalmanna - Pastoral Visit |
| 18 | | Office Day |
| 19 | 10.30 | Thamarassery |
| | 14.00 | Thamarassery |
| | 18.30 | START |
| 20 | 06.30 | Thamarassery |
| | 18.30 | Thamarassery |
| 21 | | Office Day |
| | 17.00 | Koomully |
| 22 | | Thrivandrum |
| 23 | 6.30 | Thamarassery |
| | 17.00 | Marikunnu |
| 25 | | Cathedral |
| 26 | 06.30 | Pathirikode |
| | 14.30 | Koodaranji |
| 27 | 09.15 | Kodanchery |
| | 16.30 | Koodaranji |
| 28 | 09.15 | Karikandanpara |
| | 15.00 | Ashokapuram |
| 29 | 09.15 | Pulloorampara |
| 30 | 12.00 | Kattangal |
| | 15.00 | Nedumbala |
| | 18.30 | Maruthomkara |
| 31 | | Muthukad - Pastoral Visit |

# *Christmas Message by Pope Francis*

Dear brothers and sisters

On this festive day, we turn our gaze to Bethlehem. The Lord comes to the world in a stable and is laid in a manger for animals, since his parents could find no room in the inn, even though the time had come for Mary to give birth. He comes among us in silence and in the dark of night, because the word of God needs no spotlights or loud human voices. He is himself the Word that gives life its meaning, he is the Light that brightens our path. “The true light, which enlightens everyone” – the Gospel tells us – “was coming into the world” (Jn 1:9).

Jesus is born in our midst; he is God with us. He comes to accompany our daily lives, to share with us in all things: our joys and sorrows, our hopes and fears. He comes as a helpless child. He is born in the cold night, poor among the poor. In need of everything, he knocks at the door of our heart to find warmth and shelter.

Let us turn our eyes to Bethlehem, and listen to the first faint cries of the Prince of Peace. For truly Jesus is our peace. The peace that the world cannot give, the peace that God the Father has bestowed on humanity by sending his Son into the world. Saint Leo the Great summed up the message of this day in a concise Latin phrase: Natalis Domini, natalis est pacis: “the Lord’s birth is the birth of peace” (Serm. 26, 5)..

Brothers and sisters, Bethlehem shows us the simplicity of God, who reveals himself not to the wise and the intelligent but to the little ones, to those with a pure and open heart (cf. Mt 11:25). Like the shepherds, let us too set out in haste and allow ourselves to be amazed by the unthinkable event of God who becomes man for our salvation. He, the source of all good, makes himself poor, asking as alms our own poor humanity. Let us allow ourselves to be deeply moved by the love of God. And let us follow Jesus, who stripped himself of his glory in order to give us a share in his fullness.



ഗൊരഖ്പൂർ രൂപതയുടെ ഇടയൻ

അഭിവന്ദ്യ മാത്യു നെല്ലിക്കുന്നേൽ പിതാവിന്

താമരശ്ശേരി രൂപതാ കുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-11-2023 |





Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 12, December 2023, Pages 74.